കർമ്മലകുസുമം

പുസ്തകം ൨൮) ൧൯൦൪ ഏപ്രിൽ (ലക്കം ൪.)

I നമ്മുടെകർത്താവീശൊമിശിഹായുടെ പങ്കുപ്പാട്ട.

പാപികളായിരിക്കുന്നവർ തങ്ങളുടെ പാപത്തിന്റെ കഠിനതയും നീചത്വവും അറിഞ്ഞു മനസ്സാപപ്പെട്ട പാപവഴിയെ വിട്ടു പുണ്യവഴിയിൽ നടക്കുന്നതിനും പുണ്യവാന്മാർ പുണ്യവഴിയിൽ ഉത്സാഹത്തോടെ നടന്നു, ഔരംശൊമിശിഹായുടെ നേരെയുള്ള സ്നേഹത്തിൽ വർദ്ധിക്കുന്നതിനും പങ്കുപ്പാട്ടിന്മേലുള്ള ധ്യാനംപോലെ തക്കതായ ഉപായമൊന്നുമില്ല.

നമ്മുടെ കർത്താവിന്റെ പങ്കുപ്പാട്ടിന്മേലുള്ള ധ്യാനത്തിൽനിന്നു വരുന്ന ഉപകാരത്തെപ്പറ്റി വലിയ അൽബത്തോസ് എന്നദ്ദേഹം എഴുതിയിരിക്കുന്നതായതു: യാതൊരുത്തൻ അപ്പവും വെള്ളവും മാത്രം ഭക്ഷിച്ചുകൊണ്ടു ഒരു വർഷം ഉപവസിക്കുന്നതും, തന്റെ ദേഹത്തെ രക്തം പുറപ്പെടത്തക്കവണ്ണം ചമ്മട്ടിയാൽ അടിച്ചു ഒരു സംവത്സരം പ്രായശ്ചിത്തം എടുക്കുന്നതും, ഒരാണ്ടു ദിവസംപ്രതി ഒരു യാമം പ്രാർത്ഥനയിൽ ചിലവഴിക്കുന്നതും ആയ ഔരം മൂന്നു ധർമ്മകൃത്യങ്ങൾ എത്രയും യോഗ്യതയുള്ളതാകുന്നു എന്നതിന്മേൽ യാതൊരു സംശയവുമില്ല. എന്നാലും ഇവയെക്കാൾ നമ്മുടെ കർത്താവീശൊമിശിഹായുടെ പങ്കുപ്പാട്ടിന്മേൽ ധ്യാനിക്കുന്നതു ഏറ്റവും ആത്മോപകാരമുള്ളതാകുന്നു.

ആകയാൽ ഔരം എത്രയും ഉപകാരമുള്ള ധ്യാനത്തിനു ഉപകരിക്കുതക്കവണ്ണം നമ്മുടെ കർത്താവിന്റെ പങ്കുപ്പാട്ടിന്റെ ഒരു സംക്ഷേപ ചരിത്രം സംഭവാനുക്രമം അനുസരിച്ചു താഴെ ചേർക്കുന്നു.

പത്തിരാ (പുളിക്കാത്ത അപ്പം) പെരുനാളിന്റെ ഒന്നാം ദിവസം പെസഹാ കുഞ്ഞാടിനെ ബലികഴിക്കേണമെന്നും എട്ടുദിവസം പുളിക്കാത്തയപ്പം ഭക്ഷിക്കേണമെന്നും മൂശയുടെ പ്രമാണപ്രകാരം യൂദന്മാർക്കു കല്പനയുണ്ടായിരുന്നു. അന്നെദിവസം ഔരംശൊമിശിഹാ കേപ്പായേയും യോഹന്നാനേയും വിളിച്ചു, നമുക്കു പെസഹാവിരുന്നു കഴിപ്പാനായി നിങ്ങൾ പോയി അതു ഒരുക്കണം എന്നു അവരോടു കല്പിച്ചു. എന്നാറെ അവർ തന്നോടു, ഞങ്ങൾ വിരുന്നു എവിടെ ഒരുക്കണം എന്നു ചോദിച്ചു. അതിന്നു ഔരംശൊ അവരോടു, ഇതാ നിങ്ങൾനഗരത്തിൽപ്രവേശിക്കുമ്പോൾ ഒരു കുടം വെള്ളം ചുമന്നുകൊണ്ടു ഒരു മനുഷ്യൻ നിങ്ങളുടെ നേരെ വരും; അവൻ പ്രവേശിക്കുന്ന വീട്ടിലേക്കു നിങ്ങൾ പുറകെ ചെന്നു, ആ വീട്ടിന്റെ യജമാനനോടു, ഞാൻ എന്റെ ശിഷ്യന്മാരോടുകൂടെ പെസഹാവിരുന്നു ഭക്ഷിപ്പാനുള്ള വിരുന്നുമുറി എവിടെയാകുന്നുവെന്നു ഞങ്ങളുടെ ഗുരു ചോദിക്കുന്നു, എന്നു പറയണം. അപ്പോൾ അവൻ അലങ്കരിക്കപ്പെട്ടതും വിശാലമായതുമായ ഒരു വിരുന്നുശാലയെ നിങ്ങൾക്കു കാണിച്ചുതരും; അവിടെ നിങ്ങൾ പെസഹാ തയ്യാറാക്കുവിൻ എന്നു പറഞ്ഞു. അപ്രകാരം അവർ പോയി, ഔരംശൊ അവരോടു പറഞ്ഞപ്രകാരം കണ്ടെത്തി പെസഹായും ഒരുക്കി. സമയമായപ്പോൾ ഔരംശൊ തന്റെ പന്ത്രണ്ടു ശിഷ്യന്മാരോടുകൂടെ വന്നു വിരുന്നി

നിരുന്നു. അപ്പോൾ പത്രൊസ് അവരോട്ട, ഞാൻ പാട്ടുപെട്ടന്നതിന്നു മുമ്പായി ഒരു പെസഹാ നിങ്ങളോട്ടുകൂടെ ഭക്ഷിക്കുന്നതിന്നു എത്രയും ആഗ്രഹിച്ചു; എന്തെന്നാൽ: ഇനി ഇതു ദൈവരാജ്യത്തിൽ നിറവേറുവരെ ഞാൻ ഇതു ഭക്ഷിക്കയില്ലാ എന്നു പറഞ്ഞു.

പിന്നെ അവർ എല്ലാവരും ഭക്ഷണം കഴിച്ചശേഷം, പത്രൊസ് മേശയിൽനിന്നെഴുന്നേറു ഒരു വസ്ത്രം തന്റെ അരയിൽ ചുറ്റിതളികയിൽ വെള്ളം ഒഴിച്ചു തന്റെ ശിഷ്യന്മാരുടെ പാദങ്ങളെ കഴുകിതുടപ്പാൻ തുടങ്ങി. ശെമഒൻ കേപ്പായുടെ അടുക്കൽ വന്നപ്പോൾ ശെമഒൻ തന്നോട്ട: കർത്താവെ! നീ എന്റെ പാദങ്ങളെ കഴുകുന്നുവൊ? എന്നു ചോദിച്ചു. അപ്പോൾ പത്രൊസ് ഉത്തരമായി അയാളോട്ട: ഞാൻ ചെയ്യുന്നതു ഇന്നതെന്നു നീ ഇപ്പോൾ അറിയുന്നില്ല, പിന്നെ നീ അറിയും എന്നു പറഞ്ഞു. എന്നിട്ടും ശെമഒൻ തന്നോട്ട, നീ ഒരുനാളും എന്റെ പാദങ്ങളെ കഴുകരുത് എന്നു പറഞ്ഞു. അപ്പോൾ പത്രൊസ് ശെമഒനോട്ട, ഞാൻ നിന്നെ കഴുകുന്നില്ലായെങ്കിൽ, നിനക്കു എന്നോട്ടുകൂടെ പങ്കില്ല, എന്നു പറഞ്ഞു. അപ്പോൾ ശെമഒൻ കേഫാ തന്നോട്ട, അങ്ങനെയാണെങ്കിൽ കർത്താവെ! എന്റെ പാദങ്ങളെ മാത്രമല്ലാ എന്റെ കൈകളെയും എന്റെ തലയേയും കൂടെ നി കഴുകണം എന്നു പറഞ്ഞു. അപ്പോൾ പത്രൊസ് ശെമഒനോട്ട, കുളിച്ചിരിക്കുന്നവന്നു പാദങ്ങളെ മാത്രമല്ലാതെ കഴുകുവാൻ ആവശ്യമില്ല; എന്തെന്നാൽ അവൻ മുഴുവൻ ശുദ്ധമുള്ളവൻ ആകുന്നു. നിങ്ങളും ശുദ്ധമുള്ളവർ ആകുന്നു; എങ്കിലും എല്ലാവരും അല്ല താനും എന്നു പറഞ്ഞു. ഇതിനാൽ തന്നെ ഒറ്റി കൊടുപ്പാനിരുന്നവനെ താൻ അറിഞ്ഞു എന്നു സൂചിപ്പിച്ചു. ഇങ്ങനെ അവരെല്ലാവരുടെയും കാലുകളെ കഴുകിയശേഷം പത്രൊസ് താൻ പ്രവർത്തിച്ചതിനെൽ പുറവാൻ ആരംഭിച്ചു. ഞാൻ നിങ്ങളോട്ട ചെയ്തതെന്തെന്നു നിങ്ങൾ അറിയുന്നുവൊ? നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നതു ന്യായം തന്നെ. എന്തെന്നാൽ ഞാൻ അപ്രകാരം ആകുന്നു. എന്നാൽ നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങളെ കഴുകിയെങ്കിൽ നിങ്ങൾ അന്യോന്യം പാദങ്ങളെ കഴുകുവാൻ എത്രയൊ ന്യായമാകുന്നു? എന്തെന്നാൽ ഞാൻ നിങ്ങളോട്ട ചെയ്തതുപോലെ നിങ്ങളും ചെയ്യുവാനായിട്ടു ഒരു മാതൃകയെ നിങ്ങൾക്കു ഞാൻ തന്നിരിക്കുന്നു. സത്യം സത്യമായിട്ടു ഞാൻ നിങ്ങളോട്ടു പറയുന്നു: ഭൃത്യൻ തന്റെ യജമാനനെക്കാൾ വലിയവനല്ലാ; അയക്കപ്പെട്ടവർ തന്നെ അയച്ചവനെക്കാളും വലിയവനല്ല. നിങ്ങൾ ഒരു സത്യങ്ങളെ ഗ്രഹിച്ചു, അവയ്ക്കനുസരണ്ണം പ്രവർത്തിച്ചാൽ നിങ്ങൾ ഭാഗ്യവാന്മാർ.

ഒടുക്കത്തെ അത്താഴം കഴിഞ്ഞശേഷം താൻ നമസ്കരിപ്പാനായി തന്റെ ശിഷ്യരോടുകൂടെ ഗെദസേമിനിതോട്ടത്തിലെക്കു പുറപ്പെട്ടു. അവിടെ നമസ്കരിച്ചിരിക്കയിൽ ഉള്ളിലെ ദുഃഖാധിക്യം നിമിത്തം താൻ ചോരവിയർത്തു. എങ്കിലും നമ്മുടെമേലുള്ള സ്നേഹത്താൽ പാടുകൾക്കുതന്നെ കയ്യളിപ്പാൻ ഉറച്ചുകൊണ്ടു തന്നെ പിടിപ്പാനായി വന്നവരുടെ എതിരെപോയി. താൻ അവരോട്ട "നിങ്ങൾ ആരെ അന്വേഷിക്കുന്നു,, വെന്നുചോദിക്കയിൽ, നസ്രായക്കാരൻ യേശുവേ ഞങ്ങൾ അന്വേഷിക്കുന്നു എന്നുത്തരിച്ചു. അപ്പോൾ ഒരു ശബ്ദം ആയാൾ "ഞാൻ തന്നെയാണു,, എന്നു അവരോട്ട അരുളിചെയ്തയിൽ പിശുദ്ധയോഹന്നാന്റെ അറിയിപ്പിൽ പറയും പ്രകാരം അവരെല്ലാവരും പുറകൊട്ടു മറിഞ്ഞുവീണു പോയി. ദൈവികമഹിമയോട്ടുകൂടിയ ഒരു തിരുവചനംകേട്ട ശത്രുക്കൾ സകലരും വിഴുകയിൽ, തനിക്കു മനസ്സുണ്ടെങ്കിൽ അവരുടെ കയ്യിൽനിന്നു ഇനിയും ഒഴിഞ്ഞുപോകുമായിരുന്നു. എന്നാൽ നമ്മുടെ

ക്ഷയുടെ വേലയെനിവർത്തിക്കുന്നതിന്നാ
യി താൻ മനസ്സാലെ പാപികളുടെ കൈ
യിലേക്കു തന്നെ കയ്യാളിച്ചു. അപ്പൊൾ ശിഷ്യർ ഓടിപോകയും, ഒരുവർ ത
ന്നെ പിടിക്കയുംചെയ്തു. അന്നാത്രിയിൽ
തന്നെ അവർ ഹന്നാവിൽ കയ്യപ്പാ എന്ന
യൂദമഹാപുരോഹിതന്റെ പക്കലേക്കു കൂട്ടി
കൊണ്ടുപോകയും, വാക്കിൽ വിവരിച്ചു
കൂടാത്ത പല പീഡകൾ അനുഭവിപ്പി
ക്കയുംചെയ്തു. വെള്ളിയാഴ്ച നേരംവെ
ളുത്താറെ റോമാ അധികാരിയായ പി
ലാത്തൊസിന്റെ പടകൾ കൂട്ടികൊണ്ടു
പോകപ്പെട്ടു. തന്റെ കുറ്റമില്ലായ്മയെ
ബോധിച്ചിരുന്ന ഒരു ന്യായാധിപതി
ശിക്ഷകൂടാതെ തന്നെ വിട്ടയപ്പാൻ പല
തും ശ്രമിച്ചിട്ടു സാധിക്കാഞ്ഞാൽ യൂ
ദന്മാരുടെ ദുർമ്മനസ്സിനു സമ്മതിച്ചു ത
ന്നെ കുരിശുമരണത്തിനു വിധിച്ചു.
ഒരു അന്യായവിധിപ്രകാരംതന്നെ കു
രിശുമരം ചുമപ്പിച്ചുകൊണ്ടു ഗാഗുൽ
ത്താ മലയിലേക്കു കൊണ്ടുപോകയും ര
ണ്ടു കള്ളന്മാരുടെ ഇടയിൽ കുരിശുമേൽ
തൂക്കുകയുംചെയ്തു. മൂന്നുമണി നേര
ത്തോളം കുരിശിൽ തൂങ്ങികിടന്നു കഠി
നവേദന അനുഭവിച്ചശേഷം, പിതാ
വിന്റെ തൃക്കയ്യിൽ തന്റെ ആത്മാവി
നെ കയ്യാളിച്ചു മരിക്കയുംചെയ്തു.

ക്രിസ്തുനിഅത്മാവെ! നിന്റെ സ്നേ
ഹത്തെപ്രതിയും നിന്റെ രക്ഷക്കായി
ട്ടും കഠിനപങ്കപ്പാടിന്നും കുരിശുമരണ
ത്തിന്നും തന്നെത്താൻ കയ്യാളിച്ച ഒരു
ശോമിശിഹായ്ക്കു നിന്നെ മുഴുവനും പൂ
ജയായി കാഴ്ചവെപ്പാൻ നിനക്കു കടമാ
യിരിക്കുന്നുവെന്നൊർത്തുകൊൾക. താൻ
അറുതിയില്ലാത്ത പക്ഷത്തോടെ നി
ന്നെ സ്നേഹിക്കുന്നു. നിന്റെ മുഴുഹൃദയ
ത്തോടുകൂടെതന്നെസ്നേഹിച്ചുകൊൾക.

൨ കൊ. ൫. ൧൪.

II സുവിശേഷവിവരണം.

അക്കാലത്തിൽ ശിഷ്യരോടു അരുളി
ച്ചെയ്തതായതു: എന്റെ നാമത്തിൽ എ
ന്തെങ്കിലും പിതാവിനോടു അപേക്ഷി
ച്ചൽ താൻ നിങ്ങൾക്കു തരുമെന്നു ഞാ
ൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.
ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ
ഒന്നും അപേക്ഷിച്ചിട്ടില്ല: അപേക്ഷി
പ്പിൻ; അപ്പോൾ നിങ്ങളുടെ സന്തോ
ഷം പൂർണ്ണമാകേണ്ടുന്നതിന്നു നിങ്ങൾ ല
ഭിക്കും. യോഹന്നാൻ ൧൬–൨൩.

ദിവ്യരക്ഷിതാവു തന്റെ ശിഷ്യരോടു
രുളിച്ചെയ്തു പഠിപ്പിച്ച സംഗതികളിൽ
വച്ചു ഏറ്റം മുഖ്യമായിട്ടുള്ളതും സാര
മായിട്ടുള്ളതുമായ ഒരു സംഗതി അപേ
ക്ഷയത്രെ. ഇതിനെക്കുറിച്ചു അവരോ
ടു പലപ്പോഴും പല പ്രകാരേണയും ഉപ
ദേശിച്ചുപോന്നുവെങ്കിലും, അതുകൊണ്ടൊ
ന്നും തൃപ്തിപ്പെടാതെ, തന്റെ മർത്ത്യജീ
വിതം അവസാനിപ്പിച്ചു തന്റെ ശി
ഷ്യരെ വിട്ടുപോകുന്നതിനുള്ള സമയം
അടുത്തുവന്ന അവസരത്തിലും ഇതിനെ
ക്കുറിച്ചു മുഖ്യമായി ഉപദേശിപ്പാൻ തി
രുമനസ്സായി, മേൽകാണിച്ച തിരുവാക്യ
ങ്ങളെ അരുളിച്ചെയ്തു. അതുകയാൽ ഈ
ത്രസാരമേറിയ തന്റെ ദിവ്യോപദേ
ശത്തെ നാമും യഥായോഗ്യം ഗ്രഹിക്കുന്നതിന്നു, തന്റെ അപരമ വാ
ക്യങ്ങളിന്മേൽ കുറഞ്ഞൊന്നു ചിന്തിക്കു.

ആദ്യംതന്നെ നമ്മുടെ ദിവ്യരക്ഷിതാ
വു, നിങ്ങൾ എന്തെങ്കിലും എന്റെ നാ
മത്തിൽ പിതാവിനോടു അപേക്ഷി
ച്ചൽ താൻ നിങ്ങൾക്കു തരുമെന്നു
അരുളിച്ചെയ്യുന്നു. ഇതിൽ എന്തെങ്കി
ലും എന്ന മൊഴിയെ നാം പ്രത്യേകം
ശ്രദ്ധിക്കേണ്ടതാകുന്നു. അതായതു: നി
ങ്ങൾക്കു രക്ഷാകരവും ദൈവത്തിന്നു പ്ര
സാദജനകവും ബഹുമാനകരവുമായി
ഏതെങ്കിലും അപേക്ഷിച്ചാൽ ദൈവം
നൽകുമെന്നത്രെ ഇതിന്റെ സാരം.
വിശുദ്ധ അഗുസ്തിനോസ് ഇതിനെക്കുറി
ച്ചു ഇപ്രകാരം പാഞ്ഞിരിക്കുന്നു: "നി
ന്നായുസ്സിനോടു ഒപ്പിച്ചു നോക്കിയാൽ ഈ
ലോകായുസ്സല്പമാത്രമെങ്കിലും എന്നാണെ
ഗ്രഹിക്കേണ്ടതു". അതുകയാൽ അന്യായ
മായിട്ടുള്ളതൊ ദോഷകരമായിട്ടുള്ളതൊ,

ഉദാഹരണമായി, ശത്രുക്കളുടെ നേരെയുള്ള പ്രതികാരം മുതലായതെന്തെങ്കിലും അപേക്ഷിക്കുന്നവന്റെ അപേക്ഷ കേൾക്കപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ: രക്ഷയുണ്ടാകുന്നതായി യാതൊന്നുമല്ല, പിന്നയൊ ഇല്ലായ്മയത്രെ അവൻ അപേക്ഷിച്ചതു. എന്തെന്നാൽ പാപം ഉള്ളായ്മയല്ല, ഇല്ലായ്മപോലെ ആയിരിക്കുന്നു. എന്നാൽ സൌഖ്യം, സമ്പത്തു, മുതലായ ലൌകിക നന്മങ്ങളെ അപേക്ഷിപ്പാൻ പാടുണ്ടു. എങ്കിലും അവ മൂലം ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും അധികം സുകൃതങ്ങളെ ചെയ്യുന്നതിനും വേണ്ടി എന്ന ശുദ്ധ ലാക്കൊടുകൂടി അപേക്ഷിക്കേണ്ടിയിരിക്കുന്നു. „ ഇപ്രകാരമുള്ള പുണ്യ ലാക്കാൽ വിശുദ്ധീകരിക്കപ്പെടുകയില്ലെങ്കിൽ, ലൌകിക നന്മകൾ കേവലം നിസ്സാരവും ഇല്ലായ്മയും ആയിരിക്കുന്നു. ശിഷ്യരു കർത്താവിനോടു ചിലതൊക്കെയും അപേക്ഷിച്ചിട്ടുണ്ടായിരുന്നു. ഉദാഹരണമായി യാക്കോവും, യോഹന്നാനും, കർത്താവിന്റെ രാജിതത്തിൽ അവരെ തന്റെ ഇടത്തുഭാഗത്തും വലത്തുഭാഗത്തും ഇരുത്തണമെന്നപേക്ഷിച്ചിട്ടുണ്ടായിരുന്നു. എങ്കിലും അവർ തന്റെ നാമത്തിൽ യാതൊന്നും അപേക്ഷിച്ചിട്ടുണ്ടായിരുന്നില്ല എന്നൊരു സുവിശേഷത്തിൽ താൻ അരുളിച്ചെയ്യുന്നു. കാരണം, വിശുദ്ധ ഗ്രിഗൊരിയോസ് മല്പാൻ സാക്ഷിക്കുന്നപോലെ, അവർ അപേക്ഷിച്ചതു് നിത്യഭാഗത്തിന്നു യൊഗ്യമായിട്ടുള്ളതും മായസ്ഥിതിക്കുറുത്തതും ആയിരുന്നതിനാൽ അതു് ഇല്ലായ്മയായിരുന്നു. അപ്പൊഴൊ, നാം അപേക്ഷിക്കുന്ന കൃത്യങ്ങൾ നിത്യരക്ഷയ്ക്കുപകരിക്കുന്നവ ആയിരിക്കണം.

പിന്നെയും ഒരുശൊമിശിഹായുടെ നാമത്തിൽ അപേക്ഷിക്കണം എന്നു കല്പിക്കുന്നു. അതായതു: നമ്മുടെ അയോഗ്യതയേയും കെല്പുക്ഷയത്തെയും എളിമയോടുകൂടെ അനുസരിച്ചു പറഞ്ഞുകൊണ്ടു, നമ്മുടെ രക്ഷയ്ക്കുവേണ്ടി പാടുപെട്ടു മരിച്ച ഒരുശൊമിശിഹായുടെ നാമത്താലും, യോഗ്യതകളാലും നാം ദൈവത്തോടു അപേക്ഷിക്കേണ്ടിയിരിക്കുന്നു.

ഇതിനാലാണു കർത്തോലിക്കാ തിരുസ്സഭ സകല അപേക്ഷകളുടെയും നമസ്കാരങ്ങളുടെയും ഒടുവിൽ "ഞങ്ങളുടെ കർത്താവു ഒരുശൊ മിശിഹായുടെ തിരുമുഖത്തെക്കുറിച്ചു„ എന്നു എല്ലായ്പോഴും കൂട്ടി ചൊല്ലുന്നതു. ഇപ്രകാരം ചെയ്യാതെ ഓരോരുത്തൻ സ്വന്ത യോഗ്യതകളിന്മൽ മാത്രം ശരണപ്പെട്ടുകൊണ്ടു അപേക്ഷിക്കുമെങ്കിൽ തന്റെ പുണ്യങ്ങളെയെല്ലാം എണ്ണിപ്പറഞ്ഞുകൊണ്ടു അപേക്ഷിച്ചിരുന്ന ആ നികൃഷ്ടിയായ പ്രീശനെപ്പോലെയാതൊന്നും ലഭിക്കാതെപോകയും ചെയ്യും. ഇതിനാൽ പുണ്യവാന്മാർ അത്യന്ത എളിമയോടും വണക്കത്തോടും കൂടെ അപേക്ഷിച്ചിരുന്നു. മഹാ പുണ്യവാനും എരിവുകാരനുമായ എലിയാ ദീഷ്ടശി ദൈവതിരുമുമ്പാകെ താൻ ഒരു അശുദ്ധമുള്ള മനുഷ്യനെന്നു വിചാരിച്ചു തന്റെ പുണ്യങ്ങളും സുകൃതങ്ങളുമെല്ലാം അഴുക്കു നിറഞ്ഞ ഒരു പഴന്തുണിപോലെന്നു അനുസരിച്ചു പറഞ്ഞിരുന്നു. ഇത്ര അഗാധമായ എളിമയോടുകൂടിയിരുന്നതിനാൽ തന്റെ മനസ്സുപോലെ മഴയെ വഷിപ്പിക്കുന്നതിനും, മരിച്ചവരെ ഉയിർപ്പിക്കുന്നതിനും മറ്റുമുള്ള മഹാത്ഭുതങ്ങൾ ചെയ്വാനും തക്ക ദൈവകശക്തി ഒരു പുണ്യാത്മാവിന്റെ അപേക്ഷയുണ്ടായിരുന്നു. അപ്പൊഴൊ അപേക്ഷ എത്രമയോടുകൂടിയായിരിക്കണം. വിശേഷിച്ചും, പിതാവിനോടു അപേക്ഷിക്കേണമെന്നു ദിവ്യരക്ഷിതാവു അരുളിച്ചെയ്യുന്നു. ഇവിടെ കർത്താവെന്നൊ ദൈവമെന്നൊ പറയാതെ പിതാവെന്നു പറഞ്ഞിരിക്കുന്നതിന്റെ സാരം, ദൈവം എത്രയും സ്നേഹമുള്ള ഒരു പിതാവിനെപ്പോലെ നമ്മുടെ അപേക്ഷ കേൾക്കുന്നതിനും തന്റെ നന്മകൾ നമുക്കു തരുന്നതിനും ആഗ്രഹമായിരിക്കുന്നു എന്നു നാം ഗ്രഹിച്ചുകൊണ്ടു, സാക്ഷാൽ മുക്കൽക്കുടത്ത മനൊവിശ്വാസ

ത്തോടും ശരണത്തോടുംകൂടെ തന്നോട അപേക്ഷിപ്പാൻ ആവശ്യമായിരിക്കുന്നു എന്നു കാണിപ്പാൻ വേണ്ടിയത്രെ. അപേക്ഷ പലപ്പോഴും ഫലസിദ്ധിയില്ലാതായി വരുന്നതിന്നു കാരണം വിശ്വാസത്തിന്റെ കുറവത്രെ. ഇതിനാൽ വിശ്വാസത്തിന്റെ ആവശ്യത്തെക്കുറിച്ചു നമ്മുടെദിവ്യരക്ഷിതാവുഎത്രയുംഗൌരവമായും നിരന്തരമായും തന്റെ ശിഷ്യരോടുപദേശിക്കയും പ്രമാണിക്കയും ചെയ്തിട്ടുണ്ട്. മർക്കോസ ൧൧-ാം അദ്ധ്യായം ൨൪-ാം വാക്യത്തിൽ അരുളിച്ചെയ്യുന്നതായതു: ആയതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ അപേക്ഷിക്കുമ്പോൾ ഏതുകാര്യങ്ങളെയാചിച്ചാലും അവയൊക്കയും നിങ്ങൾ കൈക്കൊള്ളുമെന്നു വിശ്വസിപ്പിൻ; അപ്പോൾ അവ നിങ്ങൾക്കുണ്ടാകും.

ശ്രീമന്മാരും സഭാപിതാക്കന്മാരും ഇതുതന്നെഉപദേശിച്ചിരുന്നു. വിശുദ്ധയാക്കോബ്ശ്ലീഹാ൧-ാം അ. "വിശ്വാസത്തിൽ ഒട്ടും സംശയിക്കാതെ അപേക്ഷിക്കട്ടെ" എന്നു ഗ്രഹണോപദേശിക്കുന്നു. വിശുദ്ധ ബസ്സില്യോസ് ഇപ്രകാരം പറഞ്ഞിരിക്കുന്നു: "നീ ചോദ്യം അപേക്ഷിച്ചില്ല, എന്തുകൊണ്ടെന്നാൽ സന്ദേഹിച്ചുകൊണ്ടോ മറുവല്ലതും ചെയ്തുകൊണ്ടോ അത്രേ അപേക്ഷിച്ചതു"., അപ്പോഴോ അപേക്ഷയുടെ ഫലസിദ്ധിക്കു വിശ്വാസവും അവശ്യമാണു. കടശി ൧൦൦ വാദത്തങ്ങളൊക്കയും 'നിങ്ങളോടു, അതായതു തന്റെ പ്രിയശിഷ്യരും വാത്സല്യമക്കളും വിശ്വസ്തശുശ്രൂഷികളുമായവരോടു അരുളിചെയ്തിനാൽ, നമ്മുടെ അപേക്ഷ പരിശുദ്ധവും സാഫല്യമുള്ളതാകണമെങ്കിൽ നാം തന്റെ പ്രമാണങ്ങളെയെല്ലാം കാത്തു തന്നെ സ്നേഹിച്ചു തനിക്കു യോഗ്യശുശ്രൂഷചെയ്യാൻ ആവശ്യമായിരിക്കുന്നു. എന്നു സൂചിപ്പിക്കുന്നു. അതുകയാൽ ഇപ്രകാരംചെയ്യാതെ പാപങ്ങളാൽതന്നെ ഉപദ്രവിക്കയും തന്റെ ശത്രുക്കളായി തീരുകയും അവയിൽ മൂർഖന്മാരായി നിലനിൽക്കയുംചെയ്യുന്നവരുടെ അപേക്ഷ താൻ കേൾക്കുന്നതല്ല. ഏശയ്യാ ൫൯-ാം അ. "നിങ്ങളുടെ കൈകൾ ചോരകൊണ്ടു നിറഞ്ഞിരിക്കുന്നതിനാൽ, ഞാൻ നിങ്ങളെ കേൾക്കയില്ല.," അപ്പൊഫ്തെഗ്മാ പാപക്കറകളെയെല്ലാം മനസ്താപജലത്താൽ ശുദ്ധിവരുത്തി നിർമ്മലജീവിതം കഴിച്ചുകൊണ്ടു അപേക്ഷിക്കേണ്ടിയിരിക്കുന്നു.

അതുകയാൽ നമ്മുടെ ദിവ്യരക്ഷിതാവു ഒരു സുവിശേഷഭാഗത്തിലും മാറ്റനേകം ഇടങ്ങളിലും ഇത്ര സ്നേഹാല്പത്തോടുകൂടി നമ്മോടുപദേശിക്കുന്നതും നാം പലപ്പോഴും അനുസരിച്ചു വരുന്നതുമായ അപേക്ഷ എന്നീ ഉത്തമസൽകൃത്യം ഫലമാറാതാകാതിരിക്കുന്നതിനു മേൽ വിവരിച്ചപ്രകാരം ചെയ്വാൻ ശ്രമിക്കണം. അതായതു, ൧-ാമതു അപേക്ഷിക്കുന്ന കൃത്യങ്ങൾ നിത്യരക്ഷയ്ക്കുപകരിക്കുന്നതായിരിക്കണം. ൨-ാമതു ഒരു ശാമിശിഹായുടെ യോഗ്യതകളെക്കുറിച്ചും ൩-ാമതു എളിമയോടുകൂടിയും ൪-ാമതു മനോവിശ്വാസത്തോടുകൂടിയും ൫-ാമതു നിർമ്മലമായതും ചുരുങ്ങിയപക്ഷം മനസ്താപത്തോടുകൂടിയതുമായ ജീവിതംകഴിച്ചുകൊണ്ടും അപേക്ഷിക്കേണം. ഇപ്രകാരം അപേക്ഷിക്കുമെങ്കിൽ നമ്മുടെസന്തോഷം പൂർത്തിയാവാൻ തക്കവണ്ണം നമ്മുടെ അപേക്ഷ ഫലസിദ്ധിയുള്ളതാകയുംചെയ്യും.

.൧൬൯൨.൪.൫

III ഒരു സർക്കുലർ ഖണ്ഡം.

വരാപ്പുഴെ മെത്രാപ്പോലീത്താ നി. വ. ദിവ്യശ്രീ ഡാക്ടർ ബസ്റ്റാർഡ് അവർകൾ, വലിയ നോമ്പിന്റെ ഈ അവസരത്തിൽ തന്റെ അതിരൂപതിയിലെ ബ. പട്ടക്കാർക്കും ജനങ്ങൾക്കുമായി അയച്ച ഒരു സർക്കുലർ ലേഖനത്തിൽ നിന്നു സത്തായ ഒരു ഭാഗം തെരിഞ്ഞെടുത്തു കൃസ്തുമ വായനക്കാരുടെ ആത്മോ

പകാരത്തിന്നായി താഴെ ചേർക്കുന്നു:—

വന്ദ്യ സഹോദരരെ, പ്രിയപ്പെട്ട മക്കളെ! ദൈവത്തിന്റെ ഛായയായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പാപത്താൽ വിഷളാക്കപ്പെട്ടും സ്വഭാവത്തിൽ ക്ഷീണിച്ചും പോയ ശേഷം ആ നിഷ്ഠാഗരിഷ്ഠിതിയിൽനിന്നു സ്വശക്തിയാലല്ലാതെ മറ്റാരാലും ഉദ്ധരിക്കപ്പെടുവാൻ പാടായിരുന്നില്ല; ഇതിനാൽ ഒരു സ്രഷ്ടാവു മനുഷ്യസ്വഭാവമെടുത്തു മനുഷ്യനായി അവതരിച്ചുകൊണ്ട് മനുഷ്യസ്വഭാവത്തെ നവീകരിപ്പാനും, അങ്ങേ നിരുപമകൃത്തിനാൽ മനുഷ്യനെ രക്ഷിപ്പാനും, അങ്ങേ മരണത്താൽ നമുക്കു അങ്ങെയും അങ്ങെയിൽനിന്നും ആയുസ്സു നൽകുവാനും അതിന്ന് അങ്ങേ വാക്കിടങ്ങാത്ത പക്ഷത്താലും കൃപയാലും ദാസരുപാ ഏടുക്കയും മനുഷ്യസദൃശനായി ചമയുകയും ചെയ്തുകൊണ്ടു ഭൂമിലോകത്തിൽ വന്നു.

എന്നാൽ ഇയ്യാൾ ദൈവത്തിന്റെ ഏക കുമാരനും, നമ്മുടെ രക്ഷിതാവുമായ ഈശോമിശിഹായത്രെയാകുന്നു. അങ്ങനെ നിത്യമായതും അളവറ്റതുമായ സ്നേഹശക്തിയാൽ മനുഷ്യവർഗ്ഗത്തെ നവീകരിപ്പാൻ മാത്രമല്ല, ദൈവം മനുഷ്യനിലും മനുഷ്യൻ ദൈവത്തിലും ആയിരിപ്പാൻ തക്കവണ്ണം മനുഷ്യനെ ദൈവത്തോട് ഒന്നിപ്പിപ്പാനും ക്രമത്തിരുമനസ്സായി.

ഹൊ അത്ഭുത കാരുണ്യമേ! ഹൊ ദൈവത്തിന്റെ അവർണ്ണനീയ പ്രവാഹമേ! ദൈവം അങ്ങേ ഏക കുമാരനെത്തന്നെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവത്തിന്റെ ഏക പുത്രൻ വഴിയായി നാം ജീവിപ്പാൻവേണ്ടി അയാളെ ലോകത്തിലേക്കു അയച്ചതിനാൽ നമ്മിൽ ദൈവത്തിന്റെ സ്നേഹം വിളങ്ങിയിരിക്കുന്നു. ആകാശത്തിലും ഭൂമിയിലും ഉള്ള സമസ്തവും ഈശോമിശിഹാ വഴിയായി നവീകരിക്കണമെന്നുള്ള ദൈവ ചിത്തത്തിന്റെ രഹസ്യത്തെ നമ്മോടു അറിയിപ്പാനായി ഈശോമിശിഹാ വഴിയായി ദൈവത്തിനു ദത്തുപുത്രരായി നമ്മെ മുൻനിയമിക്കയും, ഉപാധിവഴിയായി അങ്ങേ തിരുസ്സന്നിധിയിൽ വിശുദ്ധരും നിർമ്മലരുമായിരിപ്പാൻ വേണ്ടി ലോകസൃഷ്ടിക്കു മുമ്പു നമ്മെ തെരഞ്ഞെടുക്കയും, പരലോകത്തിനടുത്തഎല്ലാ ജ്ഞാനനന്മകളിലുംമിശിഹായിൽ നമ്മെ അനുഗ്രഹിക്കയും ചെയ്തു. നമ്മുടെ കർത്താവീശോമിശിഹായുടെ പിതാവായ സർവ്വേശ്വരൻ വാഴ്ത്തപ്പെട്ടവനായിരിക്കട്ടെ!

അതുകൊണ്ടു മിശിഹായിൽ സ്നേഹിക്കപ്പെട്ട വന്ദ്യ സഹോദരരെ! പ്രിയപ്പെട്ട മക്കളെ! നമ്മെ എല്ലാവരും നമ്മുടെ രക്ഷയുടെ തിരുപരമരഹസ്യങ്ങളുടെ മേൽ ധ്യാനിക്കേണ്ടതായ ഈ നോമ്പുകാലത്തിൽ നാം നിങ്ങളോടു പറവാൻ നിശ്ചയിച്ചിരിക്കുന്നതു "നാം പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉപേക്ഷിക്കയും, ദൈവം അങ്ങേ കുമാരനോടു നാം അനുരൂപപ്പെടുവാനായിട്ടു നമ്മെ മുൻനിശ്ചയിച്ചിരിക്കയാൽ സൃഷ്ടിതാവായ ദൈവകുമാരനെപ്പോലെ പുതിയ ഒരു മനുഷ്യനെ ധരിക്കയും ചെയ്തുകൊണ്ടു, "ദൈവകുമാരനായ മിശിഹായിലും, മിശിഹാ വഴിയായിട്ടും നാം നവീകരിക്കപ്പെടണം", എന്നീ സംഗതിയെപ്പറിയാകുന്നു. അതെന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യത്തിന്നായി മുൻനിയമിക്കപ്പെട്ടവർ മാത്രമെ രക്ഷപ്രാപിക്കയുള്ളു എങ്കിൽ, ദൈവപുത്രനോടു അനുരൂപപ്പെട്ടവരാകാതെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല.

എന്നാൽ ദൈവപുത്രനോടു നാം അനുരൂപപ്പെടുന്നതു ഒരു ദൈവപുത്രന്റെ ഛായ അനുഭവിയും പുണ്യവുമായി നമ്മിൽ രൂപിക്കപ്പെടുകയും, ഇപ്രകാരം ദൈവപുത്രൻ നമ്മിൽ രൂപിക്കപ്പെടുകയും, അങ്ങേ സ്നേഹം നമ്മെ അങ്ങേയിലേക്കു പകർത്തുകയും, നാം അങ്ങേയോടു യോജിക്കുന്നതിനാൽ അങ്ങു

ന്നു നമ്മുടെ ആത്മാവിലും, ശരീരത്തിലും വർദ്ധിക്കയും അങ്ങനെ നമ്മുടെ മനസ്സിലും ഹൃദയത്തിലും വിചാരത്തിലും പ്രവർത്തിയിലും ഉണ്ടായിരിക്കയും ചെയ്യുമ്പോൾ അകുന്നു.

IV നമ്മുടെ കർത്താവിന്റെ ഉയിർപ്പിനെക്കുറിച്ചു.

ചോദ്യം ൫ അങ്ങിനെ ഉയിർത്തു ഇവിടെ ഇല്ല. മർക്കോസ. ൧൬.

നമ്മുടെ ദിവ്യരക്ഷിതാവു അവസ്സാനിയമായ പാടുകളും വേദനകളും ദുഃഖങ്ങളും അങ്ങെ ശരീരത്തിലും ആത്മാവിലും നമ്മെപ്രതി അനുഭവിച്ചു കുരിശിന്മേൽ മരിച്ചശേഷം തന്റെ ദിവ്യ ആത്മാവു പാതാളങ്ങളിൽ എഴുന്നെള്ളി. ആദാം ചെയ്ത പാപത്താൽ മോക്ഷത്തിന്റെ വാതിൽ പൂട്ടപ്പെട്ടിരുന്നതിനാൽ കർത്താവിന്റെ മരണാവരെ മരിച്ചു നിത്തിമാന്മാരുടെ ആത്മാക്കൾ അബ്രാഹമിന്റെ മടി എന്നു വിളിക്കപ്പെട്ടിരുന്ന ആ പാതാളത്തിൽ സാധാരണ സ്ഥിതിക്കു തക്ക വിധത്തിൽ ദൈവദർശനം അനുഭവിച്ചു ഭാഗ്യപ്പെട്ടിരുന്നു. ദിവ്യരക്ഷിതാവു അവിടെ എഴുന്നെള്ളി തന്റെ ദൈവീകത്തെ മുഖ്യമുഖമായി അവർക്കു കാട്ടി മോക്ഷഭാഗ്യം അവർക്കു കൊടുത്തു. രക്ഷിതാവു മരിച്ചതു വെള്ളിയാഴ്ച ഉച്ചതിരിഞ്ഞു മൂന്നു മണിക്കാണു. തന്റെ തിരുശരീരം വെള്ളിയാഴ്ചയും ശനിയാഴ്ചയും കല്ലറയിൽ കിടന്നശേഷം മൂന്നാംദിവസമായ ഞായറാഴ്ച കാലത്തു അങ്ങിനെ പ്രവചിച്ചപ്രകാരം മരിച്ചു മൂന്നാന്നാൾ സൂര്യനെക്കാൾ പ്രകാശത്തോടും മഹിമയോടുംകൂടെ അടച്ചിരുന്ന കല്ലറ തുറക്കാതെ അതിൽ നിന്നു തന്റെ ദിവ്യശക്തിയാൽ ഉയിർക്കയും വിശുദ്ധ അപ്പോസ്തോസ്, അൻസെൽമോസ്, ബൊനവെന്തുരാ എന്ന വേദപാരകന്മാർ പഠിപ്പിക്കുംപ്രകാരം ഒന്നാമതായി തന്റെ മാതാവിനു രഹസ്യത്തിൽ കാണപ്പെടുകയും പിന്നീടു മറിയം മഗ്ദലെനാസ്ത്രീയും മറ്റു സ്ത്രീകൾക്കും ശ്ലീഹന്മാർക്കും കാണപ്പെടുകയും ൪൦ ദിവസങ്ങളുടെ ശേഷം ആകാശമോക്ഷത്തിൽ കരേറുകയും ചെയ്തു.

൧൩൦൦മാമിശിഹാ തന്റെ മരണത്താലും ഉയിർപ്പിനാലും പിശാചിനെയും മരണത്തെയും ജയിക്കയും അടഞ്ഞുപോയ മോക്ഷവാതിൽ തുറക്കയും ചെയ്തതിനാൽ ഇന്നേദിവസം സ്വർഗ്ഗവാസികൾക്കും ഭൂവാസികൾക്കും സന്തോഷവും ആനന്ദവും നിറഞ്ഞതാകുന്നു. ഇതിനാൽ നാമും സന്തോഷിച്ചു ദൈവത്തെ സ്തുതിക്കെണ്ടിയിരിക്കുന്നു. നമ്മുടെ സന്തോഷം സാക്ഷാത്കരമാകുവാൻ വേണ്ടി നാമും കർത്താവിനോടുകൂടെ ഉത്ഥാനവിധത്തിൽ ഉയിർക്കെണ്ടിയിരിക്കുന്നു.

ദുഃഖവെള്ളിയാഴ്ച ആത്മാവിന്റെ മരണമാകുന്നു. എന്തുകൊണ്ടെന്നാൽ അതുവഴിയായി ആത്മാവിന്റെ ജീവനായ ദൈവ ഇഷ്ടപ്രസാദം നഷ്ടമായിപോകുന്നു. ദുഃഖവെള്ളിയാഴ്ചത്തെ നഷ്ടപ്പെട്ട ആത്മജീവൻ നല്ല കുമ്പസാരം വഴിയായി വീണ്ടും ഉണ്ടാകുന്നു. ൧൩൦൦ മാമിശിഹാ കാലത്തിൽ നാമെല്ലാവരും കർത്താവിനോടുകൂടെ അരുവികടത്തപ്പെടുന്നതിനു മുമ്പെ നമ്മുടെ പാപത്തിന്റെ ക്രൂശത്തിൽ നിന്നു നാം പട്ടാങ്ങായിട്ടു ഉയിർക്കെണ്ടിയിരിക്കുന്നു. തങ്ങൾ ൧൩൦൦മാമിശിഹായോടുകൂടെ ഉയിർത്തിരിക്കുന്നുവെന്നു ചിലർ വിചാരിക്കുന്നു. പക്ഷെ സാക്ഷാൽ മരിച്ചവരാകുന്നു. നിജീവിച്ചിരിക്കുന്നുവെന്നു പേരുണ്ടു; എന്നാൽ നീ മരിച്ചിരിക്കുന്നു (വെളിപാടു ൩.) എന്നു സാർദ്ദിസിന്റെ മെത്രാനു വിശുദ്ധ യോഹന്നാൻ എഴുതിയെങ്കിൽ എത്രയോ അധികമായി

ഇതു നമ്മിൽ ഓരോരുത്തനെക്കുറിച്ചു പറയെണ്ടിയിരിക്കുന്നു. പ്രത്യേകമായിട്ട ഒരുത്തൻ ദീഷ്ണാൽ കുമ്പസാരിക്കാതെയിരുന്നിട്ട അവന്റെ ദോഷങ്ങളെക്കുറിച്ചു വേണ്ടുംവണ്ണം ആത്മശോധന ചെയ്യാതെ കുമ്പസാരിച്ചാൽ അവൻ മിശിഹായോട്ടുകൂടെ ഉയിത്തില്ല. ദൈവത്തിന്റെ വെല അജാഗ്രതയായിട്ട ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ. ഏറാമ്യ. ൨൨. എന്നുമാത്രമല്ല യാതൊരുത്തൻ അവൻ ചെയ്ത ചാവദോഷങ്ങളെക്കുറിച്ചു നല്ലവണ്ണം മനസ്താപപ്പെടാതെ കുമ്പസാരിച്ചാൽ അവനും പട്ടാങ്ങയായിട്ട ഉയിത്തില്ല; ഇതുവരെ പാപക്രൂപത്തിൽ കിടക്കുന്നു. പാപങ്ങളെയും പാപത്തിൽ വീഴുവാനുള്ള അട്ടത്തകാരണങ്ങളെയും ഉപേക്ഷിച്ചുകൊള്ളാമെന്നു സ്ഥിരമായ പ്രതിജ്ഞ ക്രൂടാതെ കുമ്പസാരിക്കുന്നവനും കുമ്പസാരത്തിൽ വല്ല ചാവദോഷം മനപൂർവ്വമായി പറയാതെയിരിക്കുന്നവനും, മിശിഹായോട്ടുകൂടെ ഉയിത്തില്ല.

കത്താവു പൂർണ്ണമായിട്ട ഉയിത്തു. ഇപ്രകാരം നാമും മുഴുവനായിട്ട ഉയിക്കേണം. ദോഷത്തെ മാത്രമല്ല, അതിന്മേലുള്ള പക്ഷംക്രൂടെയും നിർമ്മൂലമാക്കേണം. പലരും ഉയിക്കുന്നു. എന്നാൽ അവരുടെ കാലു കല്ലറയിലാണു. അതായ്തു ദോഷത്തിന്റെ അവകാശങ്ങളെ ഉപേക്ഷിക്കുന്നില്ല. അവർ മുമ്പു വായിച്ചിരുന്ന ചീത്ത പുസ്തകങ്ങളെയും അപത്തുള്ള സംസ്ഗ്ഗങ്ങളെയും സ്ഥലങ്ങളെയും മദ്യപാനത്തെയും ഉപേക്ഷിക്കുന്നില്ല. "വിശ്വസിച്ചവരിൽപലർവന്നു തങ്ങളുടെ കുറ്റങ്ങളെ അറിയിക്കയും തങ്ങൾ ചെയ്തിരുന്നവകളെ അനുസരിച്ചു പറകയും ചെയ്തിരുന്നു. ക്ഷുദ്രക്കാരായ പലരും തങ്ങളുടെ പുസ്തകങ്ങളെ ശേഖരിച്ചുകൊണ്ടുവന്നു എല്ലാവരുടെയുംമുമ്പാകെചുട്ടുകളഞ്ഞു,,. നടപടി ൧൯ അ. പ്രവ, ൧൯.

അതുകയാൽ ദോഷങ്ങളെ മാത്രമല്ല അതിനുള്ള കാരണങ്ങളെയും ഉപേക്ഷിക്കണം. ഇങ്ങനെചെയ്യാത്തവൻ മുഴുവനായിട്ട ഉയിത്തില്ല. അവന്റെ കാലു ചവക്കുഴിയിലാണു. വേഗം കുഴിയിൽ വീഴും.

കത്താവു സ്ഥിരമായിട്ട ഉയിത്തു. മരിച്ചവരിൽനിന്നു ഉയിത്ത മിശിഹാ വീണ്ടു മരിക്കുന്നില്ലാ. റോമാ. ൬. ഇപ്രകാരം ദോഷത്തിൽ നിന്നു ഉയിത്തവർ വീണ്ടും ആത്മമരണത്താൽ മരിക്കരുതു. ലാസർ മുതലായവർ ഉയിപ്പിക്കപ്പെട്ടുവെങ്കിലും വിണ്ടും മരിച്ചു. പെസഹാകാലത്തിൽ ആണ്ടുകുമ്പസാരംവഴിയായി ജ്ഞാനവിധത്തിൽ ഉയിത്തവർ പാപത്താൽ വീണ്ടും മരിക്കരുതു. ഇപ്രകാരം പാപത്തെയും പാപത്തിന്റെ അവകാശങ്ങളെയും നാം ഉപേക്ഷിച്ചു പുണ്യമായി ജീവിക്കയും മരണപര്യന്തം ആത്മജീവനെ കാക്കയും ചെയ്യുമെങ്കിൽ സൂക്ഷ്മം അക്ഷയം ധീപ്തി ലഘുത്വം എന്ന നാലു വരങ്ങളോട്ടുകൂടെ നമ്മുടെ കത്താവു ഉയിത്തുപോലെ നാമും ഒട്ടുക്കത്തെ വിധിദിവസത്തിൽ ടി നാലു വരങ്ങളോട്ടുകൂടെ ഉയിത്തു, എന്നന്നേക്കും ഭാഗ്യപ്പെട്ടന്തിനു ഇടവരും. പുണ്യജീവിതത്തിൽ നമുക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘുവായിരിക്കുന്നു. അതിനായി നമുക്കു വരുവാനിരിക്കുന്ന സമ്മാനം എത്രയും വലിയ്തും നിത്യമായുള്ളതും ആകുന്നു.

ഒരും ലോകപാട്ടുകൾ നമ്മിൽ വെളിപ്പെട്ടുവാനിരിക്കുന്ന മഹത്വത്തോട്ട(ഉപമിക്കപ്പെട്ടുവാൻയോഗ്യമുള്ളവയല്ല.) റോ. വ. ൧൮.

[illegible]

നിങ്ങൾ (കത്താവിനോട്ടുകൂടെ) പാടിൽ പങ്കുകാരാകുമെങ്കിൽ ആശ്വാസത്തിലുംപങ്കുകാരാകും. ൨. കോറി. ൧. ൭.

---

v തിരുസ്സഭാചരിത്രസംക്ഷേപം.

പ്രസ്താവന.

(ഫാംപുസ്തകം ൪൭ാംപക്ഷം തുടച്ച്.)

ഒരു സാന്നിധ്യംഇല്ലായിരുന്നെങ്കിൽ— ൧ വേദപരിപീഡന വാളിന്റെയും അഗ്നിയുടെയും ആക്രമണത്തിൽ അതു (സഭ) നാമാവശേഷമായിപ്പോകുമായിരുന്നു. എന്തുകൊണ്ടെന്നാൽ ഭൂമിയിൽ നിന്നു അതിനെ പിഴുതു എറിഞ്ഞുകളയുന്നതിനായി മുന്നൂറു വർഷങ്ങളോളം ഏറ്റവും ശക്തിമത്തായ പരിശ്രമങ്ങൾ ചെയ്യപ്പെട്ടുകയുണ്ടായി. എന്നാൽ വേദഞെരുക്കം അതിനെ നിർമൂലമാക്കുന്നതിനു പകരം അതു ശക്തിയായി വേരുന്നിത്തഴച്ചു വരുന്നതിനു ഇടവരുത്തുകയാണു ചെയ്തതു. വേദസാക്ഷികളുടെ രക്തം സഭയുടെ വിത്തായിരുന്നു.

൨. അനേകം ഇടത്തുട്ടകാർ വിശ്വാസസത്യങ്ങൾക്കു വിരോധമായി നടത്തിയ യുദ്ധങ്ങൾ മുഖാന്തിരം അതു നഷ്ടീഭവിക്കുമായിരുന്നു. എന്നാൽ പാഷണ്ഡികളുടെ ആക്രമണങ്ങൾ പലപ്പോഴും ലൌകീകാധികാരികളുടെ നിസ്സാരമല്ലാത്ത സഹായങ്ങളാൽ ബലപ്പെട്ടതപ്പെട്ടവയായിരുന്നിട്ടും വിശ്വാസസത്യങ്ങളെ നിക്കുലപ്പെടുത്തുന്നതിനോ മാറ്റിക്കളയുന്നതിനോ ശക്തിയുള്ളവയായിരുന്നില്ലെന്നു മാത്രമല്ല; യുദ്ധവിഷയങ്ങളായിരുന്ന അ "സത്യങ്ങൾ,, ഏറ്റവും തെളിവുള്ള രീതിയിൽ പരസ്യമാകുന്നതിനു സഹായിക്കയാണു ചെയ്തുള്ളൂ. ഇടത്തുട്ടകാരുടെ അബദ്ധങ്ങളെ തക്കസമയത്തു പ്രത്യാഖ്യാനംചെയ്ത വേദശാസ്ത്രികൾ ചുരുക്കമല്ലായിരുന്നു. മെത്രാന്മാർ അവരുടെ ശിരസ്സായ പാപ്പായോടുയോജിച്ചുകൊണ്ടു വിശ്വാസസംഗതിയിലുള്ള എല്ലാനവീനതത്വങ്ങളെയും ഐകകണ്ഠ്യമായി ശപിക്കയും ഉഭയാർത്ഥത്തിനോ മറ്റൊരു ഇടയില്ലാത്തവിധത്തിൽ അധികാരമുറപ്പിച്ചു സത്യത്തെ പ്രസിദ്ധീകരിക്കയും ചെയ്തതു ഇടത്തുട്ടകളുടെ പ്രചാരത്തിനു തടസ്ഥമായ ഭവിഷ്യനു. അതിന്റെ മക്കളുടെയിടയിലും ചില വൈദികന്മാരുടെയിടയിൽ കൂടെയും ചിലപ്പോഴൊക്കെ നഴഞ്ഞു കയറീട്ടുള്ള മനസാക്ഷിയുടെ അയവുകൊണ്ടും വഷളത്വത്താലും അതു നശിച്ചുപോകുമായിരുന്നു. എന്നാൽ അതിന്റെ സന്മാർഗ്ഗമാതൃക (Its Standard of Morality) ഒരിക്കലെങ്കിലും അധഃപതിക്കയൊ സുവിശേഷത്തിന്റെ പരിശുദ്ധ പ്രമാണങ്ങൾ വഴിയായി വഷളത്വങ്ങളോടുനേരിട്ടു അതു എതിർക്കാതിരിക്കയൊ ഉണ്ടായിട്ടില്ല. അവരുടെ ജീവിതം, പ്രബലപ്പെട്ടിരുന്ന ക്രമക്കേടുകൾക്കു എതിരായുള്ള ദൃഷ്ടാന്തമായിരുന്ന പുണ്യവാന്മാർ അന്ധകാരകാലങ്ങളിൽപോലും സഭയ്ക്കുണ്ടായിരുന്നു. ഇപ്രകാരം ഏറ്റവും പ്രബലന്മാരായ പിശാചന്മാരുടെയും ഇടത്തുട്ട, ശീശ്മകളുടെയും വഷളത്വങ്ങളുടെയും മേലുള്ള സഭയുടെ സ്ഥിരമായ ജയം ദൈവശക്തിയുടെ ഇടവിടാതുള്ളതും ആകർഷകവുമായ ഒരു അതിശയമായിരിക്കുന്നു. "വലിയവെള്ളങ്ങൾ വന്നു; കാറ്റുകൾ അടിച്ചു. അവ ആ വീട്ടിന്മേൽ അലച്ചു. അതു വീണില്ല. എന്തുകൊണ്ടെന്നാൽ അതൊരു പാറമേൽ സ്ഥാപിക്കപ്പെട്ടിരുന്നു. ,, അതിന്റെ വിസ്മയ ജനകമായ ഉത്ഭവത്തിൽ ഒട്ടും കുറവില്ലാതെ അതിന്റെ നിലനിൽപു ശക്തിയിൽ ദൈവികതത്ത്വത്തിന്റെ പ്രത്യക്ഷമായ ലക്ഷ്യത്തെ പ്രദർശിപ്പിക്കുന്ന സഭ എത്രയൊ വണക്കത്തിനു തക്കതായിരിക്കുന്നു. എല്ലാ ലൌകിക സ്ഥാപനങ്ങളുടെയും സംഘങ്ങളുടെയും രാജിതങ്ങളുടെയും മാറ്റങ്ങളുടെയിടയിൽ എല്ലായ്പോഴും ഒരുപകച്ചയും കൂടാതെ അതെസ്ഥിതിയിൽതന്നെ സ്ഥിതിചെയ്യുന്ന ഒരു അത്ഭുതകരാജിതത്തെക്കാൾ ആശ്ചര്യവിഷയമായി എന്താണുള്ളതു? ബാഹ്യശക്തിയിൽ നിന്നു ഒഴിഞ്ഞുപോകുന്ന വസ്തുക്കൾ കാലാന്തരത്തിൽ ക്ഷയോന്മുഖമായിത്തീരാറുണ്ടു. സഭയൊ എന്നാൽ അതിനുംവിഷ

യീവിധിക്കാതെ ജയഘോഷത്തോടെ സ്ഥിരീകരിച്ചയയ്ക്കുന്നു. പലപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്ന കയ്യേറ്റങ്ങളിൽ ക്രൂടി അതിന്റെ തത്സംബന്ധമായ അടയാളത്തെയും പ്രത്യേക അധികാരത്തെയും അവകാശത്തെയും കൈവിടാതെ എപ്പോഴെല്ലാത്തും അവയെ കാത്തുസൂക്ഷിക്കുന്നതു യിസഭയെ അല്ലാതെ മറ്റൊരു സ്ഥിതിയെയും കണ്ടെത്തുന്നതല്ല. "ഇതു അകാശത്തിലും ഭൂമിയിലും എല്ലാശക്തിയും ഇനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി സകലജാതികളെയും ..... പഠിപ്പിപ്പിൻ. ഇങ്ങനെയും ലോകാവസാനത്തോളവും ഞാൻ എല്ലായ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കുന്നു," എന്ന മഹത്വമേറിയ വാക്കുകളുടെ പ്രത്യക്ഷമായ പൂർത്തീകരണമാകുന്നു. വേദത്തെരുക്കംകൊണ്ടും ഇടയ്ക്കിടകൾ, ശീശ്മകൾ മുതലായവകൊണ്ടും ഉണ്ടാകുന്ന അനർത്ഥങ്ങൾ മൂലം തന്റെ സഭയ്ക്കു ഒരിക്കലും ആശ്വാസമുണ്ടാകുന്നതല്ലെന്നുള്ള മിശിഹായുടെ ദീർഘദർശനത്തെയും ഒരു അനർത്ഥങ്ങളൊക്കെയുണ്ടായിരുന്നാലും അതിന്റെ ശ്രീയെ നേരിപ്പിക്കുന്നതിനാകട്ടെ, തന്നിൽ നിന്നു കൈക്കൊണ്ട അധികാരത്തെയും താൻ പഠിപ്പിച്ച പരിശുദ്ധ ഉപദേശത്തെയും ഇഷ്ടപ്രസാദത്തിന്റെ രക്ഷാകര ക്രമങ്ങളെയും പരമ്പരാഗതമായ സന്തതിക്രമയുളവാക്കുന്ന ഇടയന്മാരുടെ വംശാവലിയെ നിർമൂലമാക്കുന്നതിനാകട്ടെ യാതൊന്നിനും കഴിയുന്നതല്ലെന്നുള്ള തന്റെ വാഗ്ദത്തത്തെയുംകാൾ ഏറ്റവും മഹത്വമേറിയതും ദൈവികമായതുമായ മറ്റൊന്നും മിശിഹായുടെ നടപടിയിൽ ഇല്ലെന്നും നിങ്ങൾപോയി ഫലം തരുവാനായിട്ടും നിങ്ങളുടെ ഫലം സ്ഥിരമായിരിപ്പാനായിട്ടും ഞാൻ നിങ്ങളെ നിയമിച്ചിരിക്കുന്നു എന്നു താൻ തന്റെ ശ്ലീഹന്മാരോടു അരുളിച്ചെയ്തെന്നും, അവരുടെ ഫലം സ്ഥിരമായിരിക്കും, എന്നിതായിരുന്ന പാപപ്പെട്ട പന്തുകൾ മീൻപിടിത്തക്കാരോടുള്ള തന്റെ പറഞ്ഞുപ്പു എന്നും ഇതു തന്റെ എല്ലാതിരുവാക്കുകളെയും സത്യത്തിന്റെ 'മുദ്ര,കൊണ്ടു യഥാർത്ഥമായി മുദ്രയിട്ടുന്നു എന്നും ബൊസ്വട്ട് പറയുന്നു. ഒരു രാജിതത്തിന്റെ താക്കോലുകൾ ഇപ്പോൾ പിടിച്ചിരിക്കുന്ന പത്രോസിനെ പീയൂസിനെ അവയെ ഒരു ശോശിശിഹായിൽ നിന്നുതന്നെ വാങ്ങിയ വിശുദ്ധ പത്രോസിനോട് സംബന്ധിപ്പിക്കുവാൻ സഭയ്ക്കു കഴിയുമെന്നുള്ള സംഗതി മിശിഹായുടെ മുൻകാണിച്ചിട്ടുള്ള ദീർഘദർശനത്തിന്റെ സത്യത്തിനു ഏറ്റം മഹത്തായ സാക്ഷിയും നമ്മുടെ വിശ്വാസത്തിനു എതൃയും ഉറപ്പുവരുത്തുന്നതിനു അർഹതയുള്ളതുമായിരിക്കുന്നു. എന്നിങ്ങനെ അധികം പായുന്നു. സഭയുടെ നിത്യനിൽപുതന്നെ അതിന്റെ ദൈവികസ്ഥാപനത്തിന്റെ ഉത്തമലക്ഷ്യവും നമ്മിൽനിന്നു വിശ്വാസത്തെയും കീഴ്വഴക്കത്തെയും സ്നേഹത്തെയും അർഹിക്കുന്നതിൽ അതിനുള്ള അവകാശത്തെ വിളിച്ചറിയിക്കുന്ന കാഹളവുമായിരിക്കുന്നു.

(പ്രസ്താവന സമാപ്തം.)

പി. കെ. എം. കത്തനാർ.

VI രാത്രി ആരാധനക്കാർ.

തെക്കെ അമേരിക്കായിൽ ലീമാപട്ടണത്തിൽ പ്രംസീസ്കോസ് സഭക്കാരുടെ കാവേന്തുള്ളിയിൽ ഒരു വിശേഷസഖ്യത സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഒരു സഖ്യതയിൽ വിശുദ്ധ പ്രംസീസ്കോസിന്റെ മൂന്നാംസഭക്കാർ മാത്രമാണു ചേർന്നിരിക്കുന്നതു്. ഈ സഖ്യതയുടെ ലക്ഷ്യശുദ്ധകുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന നമ്മുടെ കർത്താവു ഒരു ശോശിശിഹായോടു ചെയ്യപ്പെടുന്ന നിന്ദാപമാനങ്ങൾക്കു പരിഹാരമായിട്ടു തങ്ങളാൽ പാടുള്ളവിധത്തിൽ ആരാധനാണക്കം ചെയ്യണമെന്നതത്രെ. എന്നാൽ പകൽസമയം വല ജോലിവേലകളാൽ തടസ്സപ്പെടുന്നതുകൊണ്ടു വ്യാഴം, ഞായ

ർ എന്നീദിവസങ്ങളിൽ രാത്രി നാ മ
ണിമുതൽ 4 മണിവരെ മാറിമാറി ഓരോ
ആരാധന കഴിച്ചുവരുന്നു. ആണ്ടവസാ
നദിവസം രാത്രി മുഴുവനും ആരാധന
കഴിക്കുന്നതുകൂടാതെ പുതുവത്സരാരംഭ
മായ മകരം 1-ാംനു- പൊതുവായ കു
ബ്ബാനകൈക്കൊള്ളുപ്പാട്ടം ആരാധനയും
കഴിച്ചുകൊണ്ടു ആദിവസത്തെ നാഖുത
യുടെ സ്ഥാപനദിവസമായി ആചരി
ച്ചുവരികയുംചെയ്യുന്നു.

ഓരോസംഖ്യതയെ സ്ഥലത്തെ മെത്രാ
ൻ അംഗീകരിക്കയും, ആരാധനസമയ
ത്തു ശ്ലൂ. കുബ്ബാന പരസ്യമായി സ്ഥാപി
ച്ചു കൊള്ളുവാൻ അനുവദിക്കുകയും
നമ്മുടെ പരിശുദ്ധ പിതാവു പത്താം
പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു
കഴിഞ്ഞ വൃശ്ചികമാസം 8നു- ടി നാഖുത
യ്ക്കു പല ദണ്ഡവിമോചനങ്ങൾ
കല്പിച്ചുകൊടുക്കയുംചെയ്തിരിക്കുന്നു.

ഭക്തിയുള്ള ക്രിസ്ത്യാനി യാതൊരു സ
ഖ്യതയിൽ ചേർന്നിട്ടില്ലായെങ്കിലും നമ്മു
ടെ സ്നേഹത്തെപ്രതിയുപകൾ ശുദ്ധ കു
ബ്ബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഓരോ
രോമിശിഹായെ ചെന്നു സന്ദർശിക്കുന്ന
തിലും തന്റെ സ്നേഹത്തിനു പ്രതിസ്നേ
ഹം കാണിക്കുന്നതിലും പാട്ടുപോലെ
തല്പരയ്യൊക്കുണ്ടാണ്. സപ്തരാ
ജ്യത്തിൽ നമ്മെഭാഗ്യപ്പെടുത്തുന്നതി
നുതൊട്ടുകൂടെ ഇപ്പോൾ അല്പനേര
ത്തെങ്കിലും ഒന്നിച്ചിരിക്കുന്നതു എത്രയോ
ആനന്ദമുള്ളതായിരിക്കുന്നു. ഞങ്ങൾ
മോക്ഷാനന്ദത്തിൻ മുമ്പാസ്വാ
കെചെയ്യുന്നതു നിങ്ങൾ ഭൂമിയിൽ ശു
ദ്ധ: കുബ്ബാനയുടെ മുമ്പാകെ ചെയ്യണ
മെന്നു വിശുദ്ധ ത്രേസ്യാമ്മ തന്റെ മര
ണാശ്ലേഷം കാണപ്പെട്ടരുളിചെയ്തുവാ
ക്യം നാം വിസ്മരിച്ചുകളയേണ്ടതല്ല.

VII വി. ഫോമൊഫൊനോസി
ന്റെ ചരിത്ര സംക്ഷേപം.

ഇത്താലിയാ ദേശത്തിൽ ക്രൈമാൻ
പട്ടണത്തിൽ ഓരോ ശുദ്ധമാകപ്പെട്ടവൻ
പിന്നു. മാതാപിതാക്കന്മാരുടെ തൊഴി
ൽ കച്ചവടമായിരുന്നതിനാൽ ഓരോ ശു
ദ്ധമാകപ്പെട്ടവനും ആ തൊഴിൽതന്നെ
ചെയ്തുകൊണ്ടുവന്നു. എങ്കിലും സമാ
നുകച്ചവടക്കാരെപ്പോലെ സ്വന്ത ആ
ത്മരക്ഷമേൽ ഉദാസീനത വിഷ്ണാതെ ഏ
തുയും താല്പര്യമായിഅന്വേഷിച്ചുതൈ
വത്തിനു ഉത്തമവിധത്തിൽ വിശ്വാസ്യമാ
ചെയ്തിരുന്നു. ദിനംപ്രതി ദിവ്യപുസ്തകാ
ങ്ങളെയും പതിവുള്ള ജപങ്ങൾ എഴുതി
കയും ജ്ഞാനപുസ്തകങ്ങൾ വായിക്കയും
ചെയ്തിരുന്നു. ഞായറാഴ്ചകളും കടമുള്ള
തിരുനാൾകളും കളിവിനോദങ്ങളിലും
ചില്ലറ കച്ചവടങ്ങളിലും ചിലവഴിക്കാ
തെ ജ്ഞാനകാര്യങ്ങളിൽമാത്രം വിനിയോ
ഗിച്ചിരുന്നു. കച്ചവടത്തിൽ തട്ടിപ്പും ച
തിവും വഞ്ചന മുതലായതൊന്നും ചെ
യ്യാതെ നീതിയോടെ കച്ചവടംചെയ്തി
രുന്നു. ഇതിനാൽ, ഓരോ ശുദ്ധമാകപ്പെട്ട
വന്റെ കച്ചവടത്തിൽ തട്ടിപ്പു അന്യാ
യവും ഇല്ലെന്നു ജനങ്ങൾ വിശ്വാസ്യം
അറിഞ്ഞിരുന്നതിനാൽ എല്ലാവരും ത
ന്റെപക്കൽ വന്നു സാധനം വാങ്ങുകയും
അതിനാൽ അധികം പിതിവും ലാഭവും
ഉണ്ടായി വലിയ കച്ചവടക്കാരനും വ
ലിയ സമ്പന്നനും ആയി തീരുകയും
ചെയ്തു.

താൻ വിവാഹത്തിന്റെ കല്പന അനുസ
രിച്ചു വിവാഹംചെയ്യുന്നു വാഴ്ചയി
ലും വിവാഹാനന്തരത്തിലും സ്ഥിരമായ ഭക്തി
യോടും വിരക്തിയോടുംകൂടെ ജീവിച്ചി
രുന്നു. എന്നുമാത്രവുമല്ല ശേഷം പട്ടണ
വാസികളും സകുതവാന്മാരായി തീരു
ന്നതിനു അത്യന്തം തല്പരപ്പെട്ടിരുന്നു.
"അഴിഞ്ഞുപോകുന്ന ഈ ലോക ആസ്തി
കളെസമ്പാദിക്കുന്നതിനെക്കാളായിരം മട
ങ്ങു അഴിഞ്ഞുപോകാത്ത പരലോകാസ്തികളെ
സമ്പാദിപ്പിൻ.." എന്നു കൂടെക്കൂടെ മാറു
ള്ളവരോടുപദേശിച്ചിരുന്നു. തന്റെ വീ
ട്ടിൽ എതു വിശുക്കാരുവന്നു ധർമ്മം ചോ
ദിച്ചിരുന്നോ അതുപേക്ഷിക്കാതെ ധർമ്മം കൊ
ടുത്തിരുന്നു. എന്നുതന്നെയുമല്ല വിശുക്കാ
രുടെ വീടുകളിൽ താൻതന്നെപോയി

ധർമ്മംകൊടുത്തിരുന്നു. ഇതു ധർമ്മിഷ്ഠനായിരുന്നതിനാൽ പിച്ചക്കാരുടെ 'പിതാവു, എന്നു പേർവിളിക്കപ്പെട്ടിരുന്നു. ധർമ്മം കൊടുക്കുന്നതിനോടുകൂടെത്തന്നെ ജ്ഞാനധർമ്മമായ സൽബുദ്ധികളും അവർക്കു പറഞ്ഞുകൊടുത്തിരുന്നു. തന്റെ ഉപദേശങ്ങളാൽ അനേകം ആളുകൾ മനസ്സുതിരികയും വളരെപേരു പുണ്യവഴിയിൽ സ്ഥിരപ്പെടുകയുംചെയ്തിരുന്നു. ഇതു അധികം ധർമ്മംകൊടുക്കുന്നതിന്മേൽ തന്റെ ഭാര്യക്കു വലിയ സങ്കടവും രസക്കേടും ആയി, ആദ്യംതന്നെ ഈ സൽപ്രവൃത്തിയെ മാറുന്നതിനു സാദ്ധ്യമായി ഉപദേശിച്ചിരുന്നു. അതു കൊണ്ടു നടക്കുന്നില്ലെന്നു കണ്ടപ്പോൾ തന്റെ ഭാര്യ തന്നോടു അരിശപ്പെട്ടുകൊണ്ടും തന്നെ ശാസിച്ചുംകൊണ്ടും നോക്കി. എന്നാൽ ഒന്നുകൊണ്ടും ശുദ്ധമാകപ്പെട്ടവൻ ഇളകാതെ തുടങ്ങിയ പുണ്യവഴിയിൽ സ്ഥിരമായിനടന്നു. ഒരിക്കൽ തന്റെ ഭാര്യ മഹാ ദുഃഖത്തോടെ, "താൻ ഇങ്ങനെ പണമെല്ലാം ചിലവഴിച്ചാൽ നാം പിച്ചക്കാരായിപ്പോകും,, എന്നുപറഞ്ഞു. അതിനു ശുദ്ധമാകപ്പെട്ടവൻ "ധർമ്മം കൊടുക്കുന്നതു ജ്ഞാനവിധത്തിൽവിതയ്ക്കുന്നതാകയാൽ നാംകൊടുക്കുന്നതിനെക്കാൾ അധികം ദൈവം നമുക്കു തരും,, എന്നു ഉത്തരിച്ചു. തന്റെ ഭാര്യ തന്നെ രംസന്യം അനുഭവസിദ്ധിയാൽ അറിയുന്നതിനു ഇടയായി. എങ്ങനെ എന്നാൽ ശുദ്ധമാകപ്പെട്ടവൻ ധാരാളമായി ധർമ്മം കൊടുത്തിരുന്നു എന്നു വരികിലും വീട്ടിൽ യാതൊന്നിനും കുറവുവരാതെ എല്ലാം വർദ്ധിച്ചിരുന്നു. ഒരിക്കൽ, തന്റെ ഭാര്യവീട്ടിലില്ലാതിരുന്ന സമയം ഒരു പെട്ടിയിലുണ്ടായിരുന്ന അപ്പം എടുത്തു ഭിക്ഷക്കാർക്കുകൊടുത്തു. വീട്ടിലെ വേലക്കാരത്തി, യജമാനസ്ത്രീ വന്നപ്പോൾ നടന്ന കാര്യം അറിയിച്ചു. അവൾ സങ്കടപ്പെട്ടു വീട്ടിലുള്ള അപ്പമെല്ലാം എടുത്തു ധർമ്മം കൊടുത്താൽ നാം എന്തുതിന്നും എന്നു പറഞ്ഞു പെട്ടിയിൽചെന്നു നോക്കിയപ്പോൾ പെട്ടിനിറച്ചു മുമ്പിലത്തേതിൽ അധികംവിശേഷതരം അപ്പം ഇരിക്കുന്നതുകണ്ടു ആശ്ചര്യപ്പെട്ടു.

ശുദ്ധമാകപ്പെട്ടവൻ തന്റെ ചക്ഷുർമുഴുവനും തനിക്കുവേണ്ടി കുരിശിൽ തൂങ്ങിമരിച്ച ഈശോമിശിഹായ്ക്കു കാഴ്ചവച്ചതിനാൽ തൂങ്ങപ്പെട്ട രൂപത്തിൽമുമ്പാകെ വളരെനേരം മുട്ടുകുത്തിനിന്നു കരഞ്ഞിരുന്നു. ദിനംപ്രതി ഓരോമണിക്കൂറുനേരം ദിവ്യകാരുണ്യത്തിൻ മുമ്പാകെഎളിമയോടുംഭക്തിയോടുംമുട്ടുകുത്തിനിന്നുനമസ്കരിച്ചിരുന്നു. പാതിരാസമയത്തു സന്ന്യാസികൾജപം എത്തിക്കയിൽ ഈ ശുദ്ധമാകപ്പെട്ടവനും ആനമസ്കാരത്തിനുക്രൂശകപതിവായിരുന്നു.എന്നുമാത്രമല്ല;നമസ്കാരം കഴിഞ്ഞാലും പള്ളിയിൽനിന്നുപോകാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പാതിരാസ്സു പള്ളിയിൽവരുമ്പോൾ പള്ളിയുടെ കതകു അടച്ചിരുന്നെങ്കിൽ പള്ളിവാതുക്കൽ മുട്ടുകുത്തിനിന്നു നമസ്കരിച്ചിരുന്നു. ചിലസമയം അതുപോലെയായി ദൈവദൂതന്മാർ പള്ളിവാതിൽ തുറന്നു ശുദ്ധമാകപ്പെട്ടവനെ അകത്തുകയറിയിരുന്നു.

പരിശുദ്ധ ജനനിയുടെമേൽ എത്രയും ഭക്തിയായിരുന്നതിനാൽ മാതാവിന്റെ സ്വരൂപം കാണുകയൊ അങ്ങേതിരുനാമം കേൾക്കയൊ ചെയ്യുമ്പോൾ ഒക്കെയും അത്യന്തസന്തോഷം അനുഭവിച്ചിരുന്നു. ഉശ്ശാഭ്യക്കാരായ ചിലർ ചതുരുവാങ്ങുന്നതിന്നായി വരുമ്പോൾ തനിക്കു അധികസങ്കടവും രസക്കേടും വരുത്തിയിരുന്നു. എന്നുവരികിലും അവരോടു അരിശപ്പെടുകയൊ, കഠിനമായ ഒരു മൊഴിപോലും പറകയൊ ചെയ്തിരുന്നില്ല.

ഇതു പുണ്യങ്ങളാൽ അലങ്കരിക്കപ്പെട്ട ഈ ശുദ്ധമാകപ്പെട്ടവൻ ക്രിസ്മസ്സുപണ്ടൽ വിശേഷ ദീനമൊന്നുകൂടാതെ, ദിവ്യപൂജ കാണുന്നസമയം ഭാഗ്യമായ മരണം പ്രാപിച്ചു. ഏവൻഗേലിക്കു എഴുന്നേൽക്കാതെയിരിക്കുന്നതിനെകുണ്ടു ശേഷമാളുകൾ സൂക്ഷിച്ചു

നോക്കുകയിൽ കത്താവിൻനിദ്ര പ്രാപിച്ചതറിവാനിടയായി. ഈ ശ്രുദ്ധമാകപ്പെട്ടവന്റെ മരണവിവരം പട്ടണത്തിൽ പരന്യമായ ഉടനെ ചതുരോഗങ്ങളിൽ നിന്നും ആളുകൾ വന്നുകൂടി. കുരുടർ, ചെകിടർ, മൂടന്തർ, ഊമകൾ മുതലായി പലവിധ അസാദ്ധ്യരോഗക്കാർ തന്റെ ശരീരത്തെ തൊട്ടയുടനെതന്നെ സൌഖ്യംപ്രാപിച്ചു. ൟ ശ്രുദ്ധമാകപ്പെട്ടവന്റെ അതിശയമായ പുണ്യങ്ങളെയും ഈ ശ്രുദ്ധമാകപ്പെട്ടവൻ നിമിത്തമുണ്ടായ അത്ഭുതങ്ങളെയും അകാലത്തിൽ തിരുസ്സഭയെ ഭരിച്ചിരുന്ന ശ്രുമാപ്പാപ്പാ അറിഞ്ഞു ഈ ശ്രുദ്ധമാകപ്പെട്ടവൻ മരിച്ചിട്ടു ഒരുവർഷത്തിന്റെ ശേഷം "പുണ്യവാൻ,, എന്നു പേർവിളിച്ചു. വൃശ്ചികമാസം ൧൯-ൽ ഈ ശ്രുദ്ധമാകപ്പെട്ടവന്റെ തിരുനാൾ ആചരിക്കപ്പെട്ടുന്നു.

.ാ൦൪.2.൪

VIII വി. പ്രംസിസ്കോസിന്റെ മൂന്നാംസഭയെക്കുറിച്ചുള്ള സൂത്ര്യാഭിപ്രായങ്ങൾ.

(൧൬൦൫-ാം വൃശ്ചികം ൧൬-ാം പക്ഷം തുടർച്ച.)

"ഇതുകൂടാതേയും മറു സഭകളെപ്പോലെതന്നെ ഈസഭയ്ക്കും പരിശ്രുദ്ധസിംഹാസനത്തിൽനിന്നും അംഗീകരിക്കപ്പെട്ടതായ അതിന്റെ സ്വന്തനിയമങ്ങളും തിരിഞ്ഞെടുപ്പും വാഗ്ദത്തവും നിശ്ചയിക്കപ്പെട്ടവിധത്തിലും സാധനത്തിലുമുള്ള വസ്ത്രവും ഉണ്ടായിരിക്കുന്നതുകൂടാതെ ലോകമെങ്ങും ചിതരിക്കിടന്ന അൽമേനികളെയും സഭാവാസികളെയും സകല സഭകളിൽനിന്നും പൂർണ്ണവൃത്യസ്തതയോടെ അതിന്റെ ഐക്യത്തിൽ അടക്കികൊള്ളുന്നതിനാൽ സത്യമായിട്ടും ശരിയായിട്ടുമുള്ള ഒരു സഭ ഇതാകുന്നു,,

൩. ൧൩-ാം ലേയോൻപാപ്പാ കപ്പൂച്ചീൻ സഭയുടെ പൊതുശ്രേഷ്ഠനും അദ്ദേഹത്തിന്റെ ആലോചനക്കാർക്കും എഴുതിയ തിരുവെഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നതായത്. "വിശ്രുദ്ധ പ്രംസിസ്കോസിന്റെ സഭ, തിരുസ്സഭയിൽ വളരെ മാഹാത്മ്യമുള്ളതും ഉദ്ദേശം ഏഴു ശതകങ്ങളായി മാപ്പാപ്പാന്മാർ ചാരിവരുന്ന ശക്തിയുള്ള തൂണുകളിൽ ഒന്നുമാണ്. തിരുസ്സഭയുടെ അവകാശങ്ങളെ കാക്കുന്നതിനും സാമുദായിക നവീകരണത്തെ സാധിക്കുന്നതിനും എന്നെ സഹായിക്കുന്നതിനായി ഒരു ശക്തിമത്തായ ആദരവിനെ അതിൽ കണ്ടെത്തുമെന്നു ഞാനും ആശിക്കുന്നു. സാമുദായിക നവീകരണത്തെ സംബന്ധിച്ചു പറകയിൽ വിശ്രുദ്ധ പ്രംസീസ്കോസിന്റെ മൂന്നാം സഭയെ അണ ഞാൻ മുഖ്യമായിട്ടും സൂചിപ്പിക്കുന്നത്. ഇരു വഴ്ങ്ങൽക്കായും സന്യാസ ജീവിതത്തെ സ്ഥാപിച്ചതുകൊണ്ടും തൃപ്തനാകാതെ ൟ മഹാപിതാവു തന്റെ ഹൃദയത്തിൽ കത്തി ജ്വലിച്ചിരുന്ന ദൈവഭക്തിയുടെയും ശ്രേഷ്ഠാന്തിയുടെയും ആധിക്യത്താൽ ലോകത്തിലുള്ള സകലരെയും നവീകരിക്കുന്നതിനു ആഗ്രഹിക്കയും ൟ ഉദ്ദേശ്യ സാദ്ധ്യത്തിനായി ജനസമുദായത്തിന്റെ സകലമാന പദവികളിലുമുള്ള ക്രിസ്ത്യാനികൾക്കും ഉതകത്തക്ക വിധത്തിൽ തന്റെ ൟ മൂന്നാം സഭയുടെ നിയമത്തെ നിർമ്മിക്കയും ചെയ്തു. ൟ നിയമത്തിന്റെ കാപ്പു പ്രയാസമില്ലാത്തതും, അതിന്റെ അരൂപി, മതവിശ്വാസത്തെയും ക്രിസ്തീയ സന്മാർഗ്ഗങ്ങളെയും പുനർജീവിപ്പിക്കുന്നതിനു ഏറ്റവും ഉതകുന്നതുമാകയാൽ ഞാൻ പെറുഗിയായുടെ മെത്രാനായിരുന്നപ്പോൾ ൟ മൂന്നാം സഭയെ എന്റെ രൂപതയിൽ വർദ്ധിപ്പിച്ചു. അതിനെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതിനു ഇപ്പോൾ ഞാൻ ആഗ്രഹിക്കയും ലോകത്തിലുള്ള സകല മെത്രാന്മാരും ൟ സഭയെ തങ്ങളുടെ രൂപതകളിൽ സ്ഥാപിക്കുന്നതിനും ഇടവകകളിൽ വർദ്ധിപ്പിക്കുന്നതിനുമായിട്ടു ഒട്ടും താമസമെന്നിയെ അ

വരോടു ഗുണദോഷിക്കുന്നതിനു ഞാൻ ഉദ്ദേശിക്കയും ചെയ്യുന്നു.”

൪. ഇദ്ദേഹം തന്നെ ലൊംബാർഡിയിലെ കപ്പൂച്ചിൻ സഭക്കാരുടെ പ്രൊവിൻസ്യാളിനു എഴുതിയ തിരുവെഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നതായതു:— “മൂന്നാംസഭ ലോകമെങ്ങും പരക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. മൂന്നാം സഭക്കാരുടെ സംഖ്യയെ നാം ഏറ്റവും അധികം വർദ്ധിപ്പിക്കയും ഒരും ഉദ്ദേശ്യത്തിനായിട്ടു ഇടവിടാതെ യത്നിക്കയും ചെയ്യണം. മൂന്നാം സഭക്കാരുടെ സംഖ്യ പത്തു ലക്ഷം അല്ല, ഇരുപതു ലക്ഷം എന്നല്ല സകലരും മൂന്നാം സഭക്കാർ ആകുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. എല്ലാറ്റിനുംഉപരിയായിട്ടു ഇവരിൽ ഒരും സഭയുടെ അരൂപി വിളങ്ങുന്നതിനും ഞാൻ ഏറ്റവും ആഗ്രഹിക്കുന്നു.”

.൭൨ .൨ .൫

IX പരിശുദ്ധ പിതാവു ഫ്രാംപ്യൂസു മാപ്പാപ്പാ തിരുമനസ്സിലെ തിരുവെഴുത്തു.

തിരുമനസ്സുകൊണ്ടു ക്രൻമ കുംഭം ൨൯- തിരുസ്സഭയുടെ ഐകൃതയിലുള്ള സകല പാത്രിയക്കീസന്മാർക്കും, പ്രീമാസന്മാർക്കും, മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും, മറ്റു മേലധ്യക്ഷന്മാർക്കും ക്രൂടി ഒരു (Encyclica) തിരുവെഴുത്തു അയച്ചിരിക്കുന്നു. കുസുമ വായനക്കാരുടെ ഉപയോഗത്തിന്നായി അതിന്റെ സാരാംശങ്ങളെ താഴെ ചേർക്കുന്നു.

൧. പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവംവേദസത്യമായി(ക്രവ്യമ ധനവം വ്യ൯-) പ്രസിദ്ധപ്പെടുത്തിയിട്ടു ഇപ്പോൾ ൫൰൦ വത്സരമായിരിക്കയാൽ, ഇയ്യാണ്ടു ഒരു ജൂബ്ബിലി വത്സരമായി കൊണ്ടാടണ്ട സംഗതിയെപ്പറ്റി പ്രസ്താവിക്കുന്നു. അമലോത്ഭവ മാതാവു് അവിശ്വാസികളുടെ കണ്ണു തുറപ്പാൻ വേണ്ടി പ്രാൻസു രാജ്യത്തു ലൂർദ്ദ് എന്ന ശ്രുതിപ്പെട്ട സ്ഥലത്തു കാണപ്പെട്ട തന്റെ അമലോത്ഭവം വെളിപ്പെടുത്തിയതും, ആ സ്ഥലത്തു അന്നുമുതൽ ഇക്കാലംവരെ ഇടവിടാതെ വലിയ അത്ഭുതങ്ങൾ സംഭവിച്ചുവരുന്നതും ചൂണ്ടിക്കാണിക്കുന്നു. പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥംകൊണ്ടു വിശ്വാസികൾക്കും തിരുസ്സഭക്കും ഉണ്ടായിരിക്കുന്ന അനേക നന്മകളെ വിവരിച്ചു കാണിക്കയും ചെയ്യുന്നു.

൨. മാപ്പാപ്പാമാർ വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിൽ കയറിമാൽ താമസിയാതെ ‘യുബിലേവും’ എന്നു പറയപ്പെട്ടുന്ന മുഴുവൻ ദോഷപൊറുതി അഥവാ പൂർണ്ണദണ്ഡവിമോചനം കല്പിക്കുന്ന പതിവനുസരിച്ചു തിരുമനസ്സുകൊണ്ടു സകലർക്കും ‘യുബിലേവും’ കല്പിച്ചിരിക്കുന്നു. ഒരും അസാമാന്യ ദണ്ഡവിമോചനത്തിന്റെ സമയം കഴിഞ്ഞ കുംഭം ൨൯- അതായതു വലിയ നോമ്പിന്റെ ആദ്യഞായറാഴ്ച തുടങ്ങിയിരിക്കുന്നു; അടുത്ത മിഥുനം ൨൯-വരെ അതായതു ശുദ്ധ: ക്രിസ്തന്റെ തിരുനാൾവരെ നീളിക്കയും ചെയ്യും. മറ്റു സ്ഥലങ്ങളിൽ മേല്പടി അവധിക്കകത്തൊ, അല്ലെങ്കിൽ മെത്രാന്മാർ അതാതു സ്ഥലത്തെ വിശ്വാസികളുടെ സൌകൎയ്യം പോലെ നിശ്ചയിക്കുന്ന മൂന്നുമാസത്തെ അവധിക്കകത്തൊ ഒരും യുബിലേവും പ്രാപിപ്പാൻ പാടുണ്ടു്. എന്നാൽ അടുത്ത ധനുമാസം ൨൯- കഴിയുന്നതിനു മുമ്പിൽ വേണ്ടിയിരിക്കുന്നു. ഇതിനെ സംബന്ധിച്ച നിയമങ്ങൾ വന്ദ്യപുരോഹിതന്മാരായ അതാതു സ്ഥലത്തെ മേല്പട്ടക്കാർ വ്യക്തമായി അറിയിക്കുന്നതാകുന്നു.

൩. മേല്പറയപ്പെട്ട യുബിലേവിന്റെ കാലത്തു മറ്റുള്ള ദണ്ഡവിമോചനങ്ങൾ യാതൊന്നും നിറുത്തൽ ചെയ്യുന്നില്ലായെന്നു തിരുമനസ്സുകൊണ്ടു പ്രത്യേകമായി തെരിയപ്പെടുത്തിയിരിക്കുന്നു.

യുദ്ധവർത്തമാനം.

റഷ്യരും ജാപ്പാൻകാരും തമ്മിൽ അനുദിനം മനപോലെ കടൽ യുദ്ധം നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനിടയ്ക്കു രണ്ടു കൂട്ടരും പട്ടാളക്കാരേയും, ശതിര, പീരങ്കി ആദിയായയുദ്ധസാമഗ്രികളും, കോറിയാ മഞ്ചൂറിയാ എന്നീദിക്കുകളിൽ പല സ്ഥലങ്ങളിലായി ശേഖരിച്ചു കരയുദ്ധത്തിനായി ചെയ്യുവരുന്ന ഒരുക്കങ്ങളുടെ ബാഹുല്യവും കലശൽ തന്നെ. യലൂനദിക്കു സമീപം വച്ചു ഒരു ചെറിയ കരയുദ്ധമുണ്ടായിയെന്നും ജപ്പാൻകാരുടെ ഒരുവകുപ്പു പട്ടാളം റഷ്യരുടെ കൂട്ടക്കിൽ അകപ്പെട്ടുപോയി എന്നും മാറും ഒരു വർത്തമാനം ഉണ്ട്. സാരമായ കരയുദ്ധം ഇതുവരെ ഉണ്ടായിട്ടില്ല. ഈ കഴിഞ്ഞമാസം പന്ത്രണ്ട് ജാപ്പാൻകാരുടെ ഒരു പടക്കപ്പൽ സമൂഹം വ്ലാഡിവോസ്റ്റോക്ക് എന്ന റഷ്യൻതുറമുഖത്തു ചെല്ലുകയും ഏകദേശം അരമണിക്കൂർ നേരത്തോളം കരയ്ക്കുള്ള കോട്ടകളുടെയും തുറമുഖത്തു കടന്നിരുന്ന കപ്പലുകളുടേയും നേരെ പീരങ്കി വെടികൾ വെക്കയും ചെയ്തു. ഇതിൽ വച്ചു റഷ്യരുടെ കോട്ടകൾക്കും ചില കപ്പലുകൾക്കും വലിയ കേടുകൾ ഭവിച്ചിരുന്നെന്നു കാണുന്നു. പിന്നെ അർദ്ധരാത്രി സമയത്തു ജാപ്പാൻകാരുടെ കപ്പൽക്കൂട്ടം ആക്രമിക്കുന്നതിനായി ആഴ്ത്തുറമുഖത്തിന്നടുത്തു ചെന്നു. അപ്പോൾ റഷ്യർ കോട്ടയിൽനിന്നു വെടിവെക്കയും, അവരുടേവക നാടോപ്പൈഡൊബോട്ടുകൾഎതുക്കുന്നതിന്നായി ജപ്പാൻ കപ്പലുകളുടെപക്കൽ അടുത്തുചെല്ലുകയും ചെയ്തു. അവിടെവച്ചു ഒരു വലിയ സമരമുണ്ടായി. പിറ്റെദിവസം കാലത്തു വമണിവരെ നിലനിന്നതായ നാവികയുദ്ധത്തിന്നിടക്കു റഷ്യർ കോട്ടയിൽനിന്നു മുടങ്ങാതെ പീരങ്കിവെടിവച്ചുകൊണ്ടിരുന്നു. റഷ്യക്കും ജാപ്പാൻകാക്കും ഇതിൽ വെച്ചു ഓരോ കപ്പൽ വെടികൊണ്ടു മുങ്ങിപ്പോയ്ട്ടുള്ളതു കൂടാതെ അനേകം നാവികന്മാർക്കു ജീവനാശവും നേരിട്ടിട്ടുണ്ട്. പിന്നെ ആഴ്ത്തുറമുഖത്തിന്നു പുറത്തുവച്ചു റഷ്യരും ജാപ്പാൻകാരും തമ്മൽ കടൽ യുദ്ധം നടത്തിയതിൽവച്ചു ജാപ്പാൻകാരുടെ ഒരു ടോപ്പൈഡൊബോട്ടും റഷ്യരുടെ ഒരു നാശീകരണക്കപ്പലും മുങ്ങിപ്പോയി.

തിശ്ശിവപേരൂരിലെ ശീസ്സുക്കാരുടെ കൂട്ടത്തിലുള്ള ഒരു വൈദികർ ഇപ്പോൾ ടോക്കിയോലിക്കു സഭയിലേക്കു ചേന്നാരിക്കുന്നു.

ദിവാൻ ബഹദൂർ കെ. കൃഷ്ണസ്വാമി രായർ അവർകൾ ദിവാൻപണി രാജിവെച്ചൊഴികയും പകരം വി. പി. മാധവരായർ ബി. എ. സി. ഐ. ഇ. ദിവാനായി നിയമിക്കപ്പെട്ടകയും ചെയ്തു കഴിഞ്ഞിരിക്കുന്നു. പുത്തൻ ദിവാൻ പുരെ സമർത്ഥനെന്നാണു കേൾക്കുന്നതു.

എറണാകുളം വികാരി അപ്പോസ്തോലിക്കു നി. വ. ദിവ്യശ്രീ മാർ ളൂയിസ് മെത്രാൻ അവർകൾ പത്താം പീയൂസ് മാപ്പാപ്പാ തിരുമനസ്സിലെ തെരിഞ്ഞെടുപ്പിൽ ശുഭാവസരത്തിൽ അയച്ച മംഗലപത്രത്തിന്നു മാപ്പാപ്പാ തിരുമനസ്സുകൊണ്ടു അവിടത്തേക്കു മെത്രാനവർകളുടെ മേൽ ഉള്ള പ്രത്യേക പക്ഷത്തെ സൂചിപ്പിച്ചും സകല ശുഭങ്ങളും ആശംസിച്ചും, സ്വന്ത കയ്യക്ഷരത്തിൽ തന്നെ ഒരു മറുപടി അയച്ചിരിക്കുന്നു.

നാല്പതുമണി ആരാധന– ഫെബ്രുവരി മാസം ൨൪, ൨൫, ൨൬ ഈ മൂന്നു ദിവസങ്ങളിൽ വാഴക്കുളത്തു അശ്രമദേവാലയത്തിൽ ഈ മൂന്നു സൽകൃത്യം ഭംഗിയായി നടത്തപ്പെട്ടിരിക്കുന്നു. ഈ മൂന്നു ആവശ്യാർത്ഥം എറണാകുളം വികാരി അപ്പോസ്തോലിക്കു നി. വ. ദി. ശ്രീ. മാർ ളൂയിസ് മെത്രാനവർകളും സ്വാമിൽ പാടം പട്ടക്കാരും അയ്യായിരത്തിലധികം ആളുകളും കൂടിയിരുന്നു. കടശിദിവസത്തെ കർമ്മങ്ങൾ നടത്തിയതു മെത്രാനവർകൾ ആ

ഇറാലിയിൽ പലടത്തും കഴിഞ്ഞമാസം പതിനൊന്നാംതീയതി ഒരു വലിയ ഭൂകമ്പമുണ്ടായി.

സിലോണിൽ മെരിച്ചിക്കുടി എന്ന സ്ഥലത്തു കഴിഞ്ഞമാസം ൧൪- മുതൽ മുത്തു മുങ്ങി എടുക്കുന്നതാണ്. അവിടെ ചേവൽപാൽ എന്ന ദിക്കിൽ ഒട്ടുക്കു ൪൫ കൊടി മുത്തുശിപ്പി മുങ്ങി എടുക്കുവാൻ കാണുന്നതാണത്രെ.

അത്യുന്നത ദലഗാദപ്പസ്സോലിക്കു- മഹാദിവൃശ്രീ മൊൻസിഞ്ഞോർ സലേസ്സി അവർകൾ കുംഭം ൨൯-ാം ബോംബയിൽ എത്തുകയും അവിടെനിന്നു കാണ്ടിയിലെക്കു കപ്പൽകയറുകയും ചെയ്തിരിക്കുന്നു.

റോമ്മായിൽ താമസിക്കുന്ന ബ. വാച്ചാപറമ്പിൽ സ്തൂറിയാ ശമ്മാച്ചൻ അവർകൾ മാർച്ച് ൧൯- കുബ്ബാന പട്ട മേല്ക്കുമെന്നും കുബ്ബാന ചൊല്ലുന്നതു ലത്തീനിലാണെന്നും ഇനിയും രണ്ടു മൂന്നു മാസത്തെ പഠിപ്പം ഉണ്ടാകുമെന്നും അതിൻറ്റശേഷം ഇങ്ങോട്ടു പിന്തിരിയുന്നതാണെന്നും അറിയുന്നു.

നാല്പതുമണി ആരാധന- എൽത്തുരുത്തു ആശ്രമദേവാലയത്തിൽ ആണ്ടുതോറും പതിവുള്ളതും വിശുദ്ധകർമ്മം പ്രാധികം ഭക്തിസംവർദ്ധകങ്ങളൊട്ടുക്കു കഴിഞ്ഞമാസം ൨൨-ാം൯-ാം ൨൩-തീയതികളിൽ നടത്തപ്പെട്ടിരിക്കുന്നു. ഒരു ആവശ്യാർത്ഥം നി. വ. ടി. ശ്രീ. തൃശ്ശൂർ വികാരി അപ്പസ്തോലിക്കു മേനാച്ചേരി യോഹന്നാൻ മെത്രാൻ അവർകളും ഇടവക പട്ടക്കാരും സന്ന്യാസ പട്ടക്കാരും ഉൾപ്പടെ നാല്പതോളം വൈദികരും അവിടെ കൂടിയിരുന്നു. അവസാനദിവസത്തെ കർമ്മങ്ങൾ നടത്തിയതു ടി. മെത്രാനവർകളാണ്.

അഭ്യർത്ഥന- ഒരു പേരിൽ ഒരു നല്ല പുസ്തകം എൽത്തുരുത്തു ആശ്രമാച്ചക്കുടത്തിൽ നിന്നു പുറപ്പെട്ടിരിക്കുന്നു. ഇതിൽ കുമ്പസാര രഹസ്യം മുഖാന്തരം അവിശ്വാസിയായ വിശുദ്ധ യോഹന്നാൻ നെപ്പുമസ്യാനൊസിൻറ്റെ ചരിത്രം അടങ്ങിയിരിക്കുന്നു. രാജാവിൻറ്റെയും രാജ്ഞിയുടെയും മന്ത്രിയുടെയും മറ്റും വിവരങ്ങൾ നാടകരീതിയിൽ എഴുതപ്പെട്ടിരിക്കയാൽ വായനക്കാർക്കു വളരെ രസകരവും ഉപകാരപ്രദവുമാണു. ആവശ്യക്കാർ ടി അച്ചക്കുടം മേലദ്ധ്യക്ഷനോടു ചോദിക്കേണ്ടതാണു.

ധ്യാനം- ബ. കരിയാപുരയിടത്തു യൌസേപ്പച്ചൻ അവർകൾ മാസത്തിൻറ്റെ ഓരൊദിവസിങ്ങളിലും മുപ്പത്തൊന്നു ധ്യാനം അടങ്ങിയ ഒരു നല്ല പുസ്തകം സ്ഥലത്തെ ആശ്രമ അച്ചക്കുടത്തിൽ അടിപ്പിച്ചിരിക്കുന്നു. എല്ലാ തരക്കാഫലിക്കുന്നതും വളരെ സാരപ്പെട്ടതുമായ ഈ പുസ്തകം ധ്യാനത്തിനും ജ്ഞാനവായനക്കും ഉപകരിക്കുന്നതാണു. ഇതിനു വില ചക്രം ൨.

Subsidium ad Bullarium Patronatus portugalliae- ഈ പേരിൽ ലത്തീനിൽ ഒരു പുസ്തകം കൊച്ചി മെത്രാനായ നി. വ. ദിവൃശ്രീ ഡാക്ടർ മാത്തു ഒലിവെയിരാ അവർകൾ അലപ്പുഴെ സിമ്മിനാരി അച്ചക്കുടത്തിൽ നിന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. പുൽസ്സെപ്പു വലിപ്പത്തിൽ നാ പക്ഷങ്ങളുള്ള ഈ പുസ്തകത്തിൽ മലയാളത്തിലെ സുറിയാനി പള്ളിയെ സംബന്ധിക്കുന്നതും ചരിത്രക്കാർക്കു വളരെ സാരപ്പെട്ടതുമായ പല (Documenta) ആധാരങ്ങളും സുറിയാനിക്കുബ്ബാന ക്രമത്തിൻറ്റെ ലത്തീൻ പരിഭാഷയും പിഴതിരുത്തലും അടങ്ങിയിരിക്കുന്നു. ആവശ്യക്കാർ ടി. അച്ചക്കുടത്തിൽ അന്വഷിക്കേണ്ടതാണു.

☞ നാല്പതുമണിയാരാധന- ഈ മാസം ൨൨, ൨൩, ൨൪ എന്നീ തീയതികളിൽ സ്ഥലത്തെ ആശ്രമ ദേവാലയത്തിൽ ശുദ്ധ. കുബ്ബാനയുടെ നാല്പതുമണി ആരാധനയും, ൨൫-ാംനു- ഞായറാഴ്ച വിശുദ്ധ യൌസേപ്പു പിതാവിൻറ്റെ മദ്ധ്യസ്ഥ തിരുനാളും ആചരിക്കപ്പെടുന്നതാണ്.